# ദു:ഖം
# സ്വപ്നം
# മിഥ്യ



ചെറുകുന്നം പുരുഷോത്തമൻ

1771

2622

# ദുഃഖം, സ്വപ്നം, മിഥ്യ

For Favour of
REVIEW

GRANDHA SALA

(Malayalam)

Dukham, Swapnam, Mithya

Poems

By CHERUKUNNAM PURUSHOTHAMAN

First Published July 1972

PRINTED AT INDIA PRESS, KOTTAYAM

Price Rs. 2·00

Copyright
Cherukunnam Purushothaman

Published by the Author

Distributors:

NATIONAL BOOK STALL

KOTTAYAM - TRIVANDRUM - ERNAKULAM - TRICHUR
PALGHAT - CANNANORE - QUILON - KOZHIKODE

# ദുഃഖം, സ്വപ്നം, മിഥ്യ

(കവിതകൾ)

ചെറുകുന്നം പുരുഷോത്തമൻ

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 2·00

S1554 D2/72-73 1-1000 BP 136

2622

# അവതാരിക

''കവിതയെ സ്നേഹിക്കൂ. ദുഃഖമയിയും പ്രേമമയിയും കാരുണ്യമയിയുമായ അവൾ എന്നും നിങ്ങളുടേതായിരിക്കും. ആ ഇരുണ്ട വക്ഷസ്സിൽ നിങ്ങളുടെ തളന്ന ചിറകുകൾക്ക് ചേക്കേറാം.'' പുതിയ എഴുത്തുകാരോടായി സുഗതകുമാരി പറഞ്ഞതാണിതു്. ''പേരും പെരുമയും പണവും തേടി നിങ്ങൾ ഈ മണ്ഡലത്തിലേക്കു കടന്നു വരണ്ട. എഴുതിയേ തീരൂ, എഴുതാതെ ജീവിക്കാനാവില്ല എന്ന ആവേശമുണ്ടെങ്കിൽ മാത്രം കവിത എഴുതുക'' എന്നും അവർ പറഞ്ഞിരിക്കുന്നു. ഈ ആവേശംകൊണ്ടു കവിത എഴുതിത്തുടങ്ങുകയും ആദ്യത്തെ പ്രണയകഥപോലെ അതു രഹസ്യമാക്കി വയ്ക്കുകയും ചെയ്യുക, പിന്നെപ്പിന്നെ വല്ല മാസികക്കാർക്കും അയച്ചുകൊടുക്കുക, കവിത പ്രസിദ്ധപ്പെടുത്തിയ മാസികകണ്ടാനന്ദിക്കുമ്പോൾത്തന്നെ തൂലികാനാമത്തിലൊളിച്ചിരിക്കുക, പേരോ പെരുമയോ പണമോ തേടാതെ കാവ്യദേവതയുടെ ഉപാസകനായി ആ ശ്രീകോവിലിനു ചുററും പ്രദക്ഷിണംവയ്ക്കുക—അങ്ങനെയും ഉണ്ടല്ലോ ചിലർ. അതെ, അങ്ങനെയും അപൂർവ്വം ചിലരുണ്ടു്. അക്കൂട്ടത്തിലൊരാളാണു് ശ്രീ ചെറുകുന്നം പുരുഷോത്തമൻ.

തിരുവനന്തപുരം യൂണിവേഴ്സിററി കോളേജിൽ നിന്നു മലയാളഭാഷയും സാഹിത്യവും പഠിച്ചു പുറത്തു വന്നിട്ടുള്ളവരിൽ നല്ലൊരു ശതമാനം സാഹിത്യകാരന്മാരായി തീർന്നിട്ടുണ്ടു്. പ്രശസ്തരായ സാഹിത്യനായകന്മാർ അദ്ധ്യാപകരുടെയിടയിലുമുണ്ടായിരുന്നു. '57–'59 കാലയളവും ഇതിൽനിന്നു വ്യത്യസ്തമായിരുന്നില്ല. അന്നു് അവിടെ ഒരു പുരുഷോത്തമക്കുറുപ്പ് പഠിച്ചിരുന്നു കൗമുദി ആഴ്ചപ്പതിപ്പിലും മററും കവിത എഴുതിത്തെളിഞ്ഞിരുന്ന ചെറുകുന്നം പുരുഷോത്തമൻ ഈ കുറുപ്പുതന്നെ എന്നു് വളരെനാൾ കഴിഞ്ഞേ അടുത്ത കൂട്ടുകാർപോലും ധരിച്ചുള്ളു. ലജ്ജാശീലനായിരുന്ന അദ്ദേഹം തന്റെ കവനസാമർത്ഥ്യവും ഒളിച്ചു

വച്ചു. എങ്കിലും 'ആയിരം താഴിട്ടു പൂട്ടിയാലും ഒടുവിൽ പ്രണയം പുറത്തുചാടും' എന്നുണ്ടല്ലോ. കവിതയും പുരു ഷോത്തമനുമായുള്ള പ്രേമവും അങ്ങനെ പുറത്തായി. ഇക്ക ഴിഞ്ഞ പത്തുപന്ത്രണ്ടു വഷത്തിനകത്തും 'എഴുതിയേ തീരൂ' എന്ന ആവേശം സൈ്വരംകെടുത്തുമ്പോഠം മാത്രം എഴുതുക യും ആരെങ്കിലും നിബ്ബന്ധിക്കുമ്പോഠം മാത്രം പ്രസിദ്ധീ കരിക്കുകയും ചെയ്യുന്ന ദുശ്ശീലം അദ്ദേഹം കൈവിട്ടില്ല. പുരുഷോത്തമൻെറ ഒപ്പമുണ്ടായിരുന്നവർ കവിതകഠം എഴു തിക്കൂട്ടുകയും അവ പിന്നെ തുന്നിക്കൂട്ടുകയും നന്നേ കഷ്ട പ്പെട്ടു പാഠപുസ്തകമാക്കുകയും എല്ലാം ചെയ്തു സാഹിത്യവ്യ വസായത്തിൽ മുന്നേറിയപ്പോഠം അദ്ദേഹം അറിയപ്പെടാ തെ പോയതിനു് മറെറാരു ന്യായീകരണം വേണ്ട. ''സമ ത്ഥരുടെ, ബുദ്ധിയുള്ളവരുടെ, ജീവിതത്തിൽ വിജയിക്കു ന്നവരുടെ കൂട്ടത്തിൽനിന്നു്'' ഈ കവിയും ഒററപ്പെട്ടു പോയി.

ഈ ഒററപ്പെട്ട കവിയുടെ, ആദ്യത്തെ കൃതി അവതരി പ്പിക്കുന്നതിനു് അദ്ദേഹം എന്നോടാവശ്യപ്പെട്ടപ്പോഠം ഞാൻ അമ്പരക്കുകമാത്രം ചെയ്തു. മലയാളക്കരയിൽ പേരും പെരുമയും ഉള്ള എത്രയോ ജ്ഞാനവൃദ്ധന്മാരും സാഹിത്യ നായകന്മാരും ഉണ്ടു്. അവരിൽ പലരും ശ്രീ പുരുഷോത്ത മനെ പരിചയമുള്ളവരും പുരുഷോത്തമനെ പരിചയമുള്ള വരും ആണുതാനും. സാഹിത്യകൃതികഠം ആത്തിയോടെ വായിക്കുകയും വല്ലപ്പോഴും അതേക്കുറിച്ചെന്തെങ്കിലും എഴു തുകയും മാത്രം ശീലമാക്കിയിട്ടുള്ള ഒരാഠം എന്നതിൽ കവി ഞ്ഞൊരു സ്ഥാനവും ഇതെഴുതുന്നയാഠംക്കില്ല. അപ്പോഠം പിന്നെ അമ്പരക്കാതെന്തുചെയ്യും? ഇപ്പോഠം, ഈ കവിയു ടെ സൗഹാദ്ദംനിറഞ്ഞ കല്പന സസന്തോഷം നിറവേററു മ്പോഠം എൻെറ തൂലികപോലും അഭിമാനംകൊള്ളുന്നു. ഒരവതാരികാകാരൻെറ മുഖസ്തുതികലന്ന പ്രസ്താവന സൗ ഹൃദത്തിൻെറ കടുനിറംകൂടി കലന്നാൽ എങ്ങനെ ഇരിക്കും എന്നു സംശയിക്കുന്നവർ കവിതകഠം വായിച്ചശേഷം ഈ കുറിപ്പുകഠം വായിച്ചാൽ മതി.

ഒരു ചടങ്ങ് എന്ന നിലയിൽ പുരുഷോത്തമന്റെ കവിതയെക്കുറിച്ച് 'രണ്ടു വാക്കു' പറയാൻ ബുദ്ധിമുട്ടുണ്ട്. പുതുതായെന്തെങ്കിലും ആവിഷ്കരിക്കാനില്ലാത്ത ഒരാൾ, പുതിയൊരു ശബ്ദം പുറപ്പെടുവിക്കാനില്ലാത്ത ഒരാൾ, കവിയാകാനുള്ള മോഹം ഉപേക്ഷിക്കുകയാണു നല്ലതു്. മററാക്കു മുണ്ടാകാത്ത അനുഭൂതികൾ പുനരാവിഷ്കരിക്കുന്നതിലല്ല പറഞ്ഞു പഴകാത്ത ശൈലിയിൽ, പുതുതായൊരു സമ്പ്രദായത്തിൽ ചുററുപാടുമുള്ള ജീവിതത്തിൽനിന്നാഗിരണം ചെയ്യപ്പെട്ടവ തങ്ങളുടേതായ ഒരു കാഴ്ചപ്പാടിൽ പുനരാവിഷ്കരിക്കുന്നതിലാണു കാര്യം. 'ഗർഭശ്രീമാൻ', 'കുമാരസംഭവം', 'പ്രണയാങ്കുരം' എന്നീ കവിതകൾ ശ്രദ്ധിച്ചുനോക്കൂ. ആ കവിതകളെ നിറംപിടിപ്പിക്കുന്നതു കവിയുടെ വ്യക്തിത്വവും ആത്മാർത്ഥതയുമാണു്. കവിക്കുണ്ടായിരിക്കേണ്ട ഗുണങ്ങളിൽ പ്രധാനം ഇതു രണ്ടുമാണല്ലോ.

ജീവിതത്തിന്റെ മാറിമാറി വരുന്ന മുഖച്ഛായകൾ, തകർന്നുകൊണ്ടിരിക്കുന്ന പൊതുവിശ്വാസങ്ങൾ, ഇന്നത്തെ തലമുറയുടെ ലക്ഷ്യബോധമില്ലായ്മ, ആകെപ്പാടെ നടമാടുന്ന ധർമ്മച്യുതി ഇതെല്ലാം ഒട്ടുമിക്ക കവികളേയും ചിന്തിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ദുഃഖമൂർത്തി, രോഗി, നഗരത്തിൽ ഒരു പ്രഭാതം എന്നീ കവിതകൾ ആധുനികജീവിതചലനങ്ങൾ കവിഹൃദയത്തിൽ ചെന്നലച്ചശേഷം ഉണ്ടായ പ്രതികരണങ്ങളാണു്. ''ക്രോധ, മുഗ്രമാം പക, തച്ചുടയ്ക്കലിൻ തീവ്രാവേശമെന്നിവ ചീറും ചെമ്പകലിനെപ്പററി''യുള്ള വ്യസനം ശ്രദ്ധേയമാണു്. തച്ചുടയ്ക്കലിൻതത്വശാസ്ത്രത്തിന്റെ പൊള്ളത്തരം മനസ്സിലാക്കുകയും മനസ്സിലാക്കിത്തരികയും ചെയ്യുന്ന കവിയുടെ പണയപ്പെടാത്ത ചിന്താശക്തിക്കു തെളിവാണു് പ്രസ്തുത കവിത. 'അവരെക്കൂടിയോക്കുവാൻ, നേരമില്ലാതെ' അവിശ്രമം പാഞ്ഞുപോകുന്ന, ഏതോ വിരൽത്തുമ്പാൽ നീതരായ, യന്ത്രസന്നിഭരായ, വ്യക്തിത്വമില്ലാത്തവരുടെ വ്യർത്ഥയാത്രയിൽ കവി ഉള്ളുരുന്നു പരിതപിക്കുന്നു. (രോഗി) തമ്മിൽത്തമ്മിലറിയാതെ, ഭിന്നവേഷഭാഷകളോടെ ഒഴു

കുന്ന മനുഷ്യരെ കണ്ടിട്ട് കവി ദുഃഖിക്കുകയും ചെയ്യുന്നു. (നഗരത്തിൽ ഒരു പ്രഭാതം)

ഇവിടെയീക്കിൽക്കൈകൾ
　　നീട്ടി വീടുകൾതോറു–
മിരന്നു നീങ്ങും മൂക–
　　നിഴൽക്കൂട്ടങ്ങൾ വിദ്യാ–
മന്ദിരങ്ങളിൽ, ത്തെരു–
　　വീഥിയിൽ വാതിൽ പൂട്ടി–
നിന്നിടും സൗഭാഗ്യത്തിൻ
　　മുമ്പി, ലുൽക്കടം നീറി–
പ്പുകയും വിസ്സ്ഫോടക–
　　യുവചേതന, യെങ്ങും
പടരുമധികാര–
　　മോഹമാം പാഴ്മേഘങ്ങൾ

ആധുനികനാഗരികജീവിതമേല്പിച്ച ഉണങ്ങാത്ത മുറിവിൽനിന്നുദ്ഗളിച്ചതാണ് ഈ വരികൾ. 'നീറിപ്പുകയും വിസ്സ്ഫോടകയുവചേതന', 'വീടുകൾതോറുമിരന്നു നീങ്ങും മൂകനിഴൽക്കൂട്ടം', 'അധികാരമോഹമാം പാഴ്മേഘം'—അർത്ഥഗർഭമായ ഇത്തരം പ്രയോഗങ്ങൾ ഓരോന്നും ഇരുത്തിച്ചിന്തിപ്പിക്കുവാൻ പോന്നതാണ്.

മസൃണമായ ഭാവനയും ഇണക്കമൊത്ത പദപ്രയോഗങ്ങളും അനായാസമായിട്ടൊഴുകുന്ന, ലളിതവും മധുരവുമായ കവിതാരീതിയും ഈ കവിതകളെ ഹൃദ്യമാക്കുന്നു.

മൂവന്തികൾ കുളിക്കും പകലിൻ
ചൂവേപ്പുററിയ കടലലയിൽ
കുളിരാർന്നയിരിട്ടുണർന്നു നീയൊരു
കിനാവു വീശിയ നിഴൽപോലെ.

പുതുകല്പനകളുടെ മനോഹാരിതയോടൊപ്പം,

മാനംമുട്ടിയുരുമ്മും മലയുടെ
മാടിയൊതുക്കിയ മുടിമേലേ

വാർമഴവില്ലിൻ മന്ദാരപ്പൂ-
മാലയെറിഞ്ഞൊരു മഴമുകിലേ
പോവാതങ്ങനെ നില്ക്കുക മണ്ണിൻ
ഭാവനകുത്തിയ കൊടിപോലെ!

എന്നിങ്ങനെ ദൃശ്യമാകുന്ന സംഗീതാത്മകത്വവും,

പുളകങ്ങടാം പൂവിട്ടമീമുഹൂർത്തം
പുതുഭാവസൗരഭം പൂശിട്ടമ്പോരം
ഒരുനാരം മഴക്കാറിനൊപ്പം വിതുമ്പി ഞാ-
നരമനയിങ്കലണഞ്ഞ രംഗം, സ്മൃതി
ഫലകത്തിലിപ്പൊഴും മിന്നിനില്പൂ.

ഇത്രകണ്ടു ലളിതമായ ശൈലിയും വായനക്കാരനെ ഹരം പിടിപ്പിക്കാതിരിക്കുകയില്ല. 'ശ്രാവണനിലാവണി മെത്തയിലുറങ്ങുന്ന രാവുകരം', 'അബല—വെറും നാണത്തിൻ തളിരില' എന്നിങ്ങനെ ആലോചിച്ചുയവിറക്കാൻ പോരുന്ന പല പ്രയോഗങ്ങളും സഹൃദയശ്രദ്ധയിൽ പെടാതിരിക്കുകയില്ല. 'ഒററക്കതിരും പതിക്കാത്ത പാഴ്ക്കിണറത്രേ മനുഷ്യന്റെ ശപ്തമീ ജീവിതം' എന്നു പഴിക്കുന്നുണ്ടെങ്കിലും കവി തീർത്തും വിഷാദാത്മകനല്ല എന്നാണെന്റെ പക്ഷം.

രാവകന്നുവോ?
ചോരത്തുമുഖം വീരിയുകയാവുമോ
കിഴക്കിന്റെ മറവിൽ?

എത്ര പരിഭ്രമിച്ചാലും ശുഭാപ്തിവിശ്വാസത്തിന്റെ കടിഞ്ഞാൺ കൈമോശംവരാതെ കവി സൂക്ഷിക്കുന്നുണ്ടു് എന്നതു് ആശ്വാസകരമത്രേ.

ഇതിലെ കവിതകരം ആകെക്കൂടി പരിശോധിക്കുമ്പോരം സ്വാനുഭവത്തിന്റെ മേഖലകളിൽ വിടന്നതും പ്രേമാനുഭൂതികളുണർത്തുന്നതുമായ ഏതാനും കവിതകളുള്ളതു് ഏററവും ഹൃദ്യമായിട്ടനുഭവപ്പെട്ടു. 'ആദ്യരാത്രിയിൽ' എന്ന കവിതയ്ക്കു് ഒരു നാടകീയസ്വഗതാഖ്യാനത്തിന്റെ ഭാവസൗരഭ്യംകൂടി ലഭിച്ചിട്ടുണ്ടു്. ആനുകാലികസംഭവങ്ങരം ഉള്ളിലുണർത്തിയ വികാരവിചാരങ്ങളാണു് ഇനിയും

ചില കവിതകൾക്ക് ആസ്പദമായിട്ടുള്ളത്. മഹാബലി ക്കൊരു കത്ത്, ''ഉത്തിഷ്ഠോത്തിഷ്ഠ ഭാരത!'' എന്നിവ നോക്കുക. കാളിദാസഭാവനയിൽനിന്നു പ്രചോദനമുൾക്കൊണ്ട 'പുതുമേഘം', (ടാഗോറിന്റെ ചില പ്രേമകഥകളിലെപ്പോലെ) അഭിവ്യക്തമാക്കാത്ത അനുരാഗത്തിന്റെ മധുരിമയൂറുന്ന 'അപരിചിതൻ', പറഞ്ഞു പഴകിയതെങ്കിലും സ്വാനുഭവത്തിൻെറ ചൂടുള്ളതും വിഷാദത്തിൻെറ സംഗീതധാര വമിക്കുന്നതുമായ 'അനുജത്തി' എന്നീ കവിതകളെക്കുറിച്ചും നല്ലതേ പറയാനുള്ളു. ആധുനികമനുഷ്യനിലെ അർജ്ജുനൻ തൻെറ ജീവിതത്തേരു തെളിക്കാൻ സഖിയായ സുഭദ്രയോടു കെഞ്ചുന്ന ആ കല്പന മലയാളസാഹിത്യത്തിനു പ്രതീക്ഷയ്ക്കു വക നല്കുന്നു.

നല്ല കവിത വ്യാഖ്യാനവിധേയമല്ലല്ലോ. അതു് ആസ്വാദിക്കേണ്ടതാണ്. അക്കാര്യം അനുസ്മരിച്ചുകൊണ്ടു തന്നെ, ഒറ്റ വായനയ്ക്കു് ഉള്ളിൽത്തട്ടിയ നല്ല കാര്യങ്ങളെക്കുറിച്ചു സൂചിപ്പിക്കുവാനേ ഇവിടെ മുതിർന്നിട്ടുള്ളു. കവിതാപാരായണം ലാഭനഷ്ടങ്ങൾ കണക്കാക്കാവുന്ന ഭൗതികവ്യാപാരങ്ങളിൽനിന്നു ഭിന്നമാണല്ലോ. തിരക്കേറിയ ജീവിതസമരത്തിനിടയിൽ കവിതയ്ക്കായി ഇത്തിരി സമയം കണ്ടെത്തുന്ന സഹൃദയർക്കായി ഞാനീ കവിതകൾ സന്തുഷ്ടിയോടെ അവതരിപ്പിച്ചുകൊള്ളുന്നു.

പാലാ
25-5-1971

ആർ. എസ്. വർമ്മജി

1771

# ദുഃഖം, സ്വപ്നം, മിഥ്യ...

നിത്യമായ ദുഃഖം, ഏകാകിത, ഇടയ്ക്കിടയ്ക്ക് മിന്നിമായാറുള്ള സ്വപ്നസദൃശമായ ആഹ്ലാദഭാവങ്ങൾ.... ഇവയുണർത്തിവിടുന്ന ശബ്ദസ്വരൂപമായ സങ്കല്പങ്ങൾ.... ആ സങ്കല്പങ്ങളിൽ അപൂർവ്വം ചിലതു് വല്ലപ്പോഴുമൊരിക്കൽ ഞാൻ പകർത്തിവയ്ക്കാറുണ്ടു്. അങ്ങനെ ചെയ്യുന്നതു് മററുള്ളവരെക്കരുതിയല്ല; എന്നെ മാത്രം കരുതി! എങ്കിൽ പിന്നിതെന്തിനു പുസ്തകമാകുന്നു? എൻെറ പേരിലൊരു പുസ്തകമിറങ്ങിക്കണ്ടു്, ഒരിക്കലൊന്നാഹ്ലാദിക്കാൻ.... എന്നാലും ഞാനിതിനു സ്വയം മുതിരുമായിരുന്നില്ല. ഒരാത്മസുഹൃത്തിൻെറ കഠിനനിർബ്ബന്ധം ഈ വഴിക്കെന്നെ ചലിപ്പിച്ചുവെന്നു പറഞ്ഞാൽ മതിയല്ലോ. അങ്ങനെ കഴിഞ്ഞ 14 വർഷങ്ങൾക്കിടയിൽ തുടർച്ചയായൊന്നുമല്ലാതെ ഞാനെഴുതിയ കവിതകളിൽ കുറെയെണ്ണം ഇപ്പോഴെങ്കിലും ഒന്നു സമാഹരിച്ചു പ്രകാശിപ്പിക്കാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ടു്.

ചെറുകുന്നം പുരുഷോത്തമൻ

എൻ. എസ്. എസ്. കോളേജ്
പന്തളം, 3–8–1971

## കവിതകൾ

ആദ്യരാത്രിയിൽ
ദുഃഖമൂർത്തി
ഗർഭശ്രീമാൻ
മഹാബലിക്കൊരു കത്ത്
കുമാരസംഭവം
നഗരത്തിലൊരു പ്രഭാതം
നിർവൃതിയിലേക്ക്!
സ്വാഗതം!
പ്രണയാങ്കുരം
തേരിൽ
"ഉത്തിഷ്ഠോത്തിഷ്ഠ ഭാരത!"
മധുരദർശനം!
അന്തർജ്ജനം
പുതുമേഘം
അപരിചിതൻ
രോഗി

# ആദ്യരാത്രിയിൽ

മേടപ്പൂനിലാപ്പുഴ—
യ്യൊപ്പമെൻ സമാർദ്രമാം
പ്രേമഭാവന കുളി—
രലയിട്ടൊഴുകുമ്പോൾ,

എന്തു നീയമാന്തിപ്പാ?—
നക്ഷമം തുടിക്കുമെ—
ന്നന്തരംഗത്തിൽ പുതു
നർത്തനമാട്ട സഖീ!

എത്ര പൂക്കളാണെൻെറ
സങ്കല്പവനിയിങ്കൽ
സത്രപം വിടരുന്ന—
തീ നിശാനിശ്വാസത്തിൽ!

ചിട്ടയും ക്രമവുമ—
ങ്ങൊന്നുമില്ലാതെ, ലക്ഷ്യം
തെററിയിന്നലെയോള—
മലഞ്ഞോരെൻ ചിന്തകൾ,

നീയെന്ന കേന്ദ്രത്തിനെ
മാത്രമായ് ചുററിപ്പററി
മേവുമീ നിമിഷം ഞാ—
നാദ്യമായ് ചിരിക്കുന്നു...

വന്നണഞ്ഞുവോ? വരൂ,
നിനക്കായ് നിവർന്നോരീ
ചന്ദനക്കുളുർശയ്യ-
യ്ക്കുരുള്ള മനഃസ്വാസ്ഥ്യം.

അറിയാനെനിക്കുണ്ടോ-
രായിരം കാര്യം, പിന്നെ-
യറിയിക്കാനും മോഹ-
ദീപ്തമീ മുഹൂർത്തത്തിൽ

എന്തു നിൻ തളിർമേനി
തളരുന്നുവോ? എങ്കി-
ലെൻ മടിത്തട്ടിലൊട്ടു-
സമയം കിടന്നാലും...

തഴുകട്ടെയോ മെല്ലെ,
മെല്ലെ ഞാൻ പനീരലർ
തൊഴുമിക്കാലിൽ ഹർഷ-
പൂർണ്ണമാമംഗങ്ങളിൽ?

ചിരിക്കുന്നുവോ കള്ളി!
നിൻ ചിരിയിങ്കൽക്കൂടി
വിരിയുന്നല്ലോ സർവ്വ-
വേദനാപഹമന്ത്രം!

ജീവിതം മധുരിക്കു-
മെന്നെന്നെ പഠിപ്പിച്ച
ദേവതേ, നീതാനെന്റെ
തീർത്ഥയാനത്തിൻ ലക്ഷ്യം...

(അപ്പുറത്തച്ഛൻ രോഗ—
ഗ്രസ്തനായ്ക്കിടക്കുന്നു—
ണ്ടെപ്പൊഴും ഞരങ്ങിയു—
മേങ്ങിയുമയ്യോ! പാവം!

അമിതാദ്ധ്വാനത്താലാ
ശരീരം ക്ഷയിച്ചേപോയ്
ക്ഷമപോലിരിപ്പുണ്ടാ—
മമ്മ നിന്നിദ്രം ചാരേ.

എങ്കിലും പ്രിയപ്പെട്ട
കണ്ണുനീർക്കണങ്ങളേ!
പങ്കിലമാക്കീടായ്വി—
നെൻ നവ്യസങ്കല്പങ്ങൾ...)

പാലപൂത്തെഴും മണം
പരക്കുന്നല്ലോ ചുററും
പാലുപോലൊഴുകുന്ന
പൂനിലാപ്പുഴയ്ക്കൊപ്പം!

എന്തു നീ വിമൂകയായ്
നോക്കിനില്പൂന്നൂ, രാഗ—
ബന്ധുരമൊരു ഗാനം
പാടുക മധുരമായ്...

പാടുകയായോ? കൊള്ളാം!
താളത്തിനൊപ്പം ലതാ—
പാളികളാടുന്നല്ലോ
പൂക്കളാൽ ചിരിതൂകി...

വീണമീട്ടുന്നു ചോല;
മാമല കൊട്ടംകൈയിൽ—
ത്താണ താ ശയിക്കുന്നു,
മൂകമായ് ശ്രദ്ധാപൂർവ്വം!

ചേൎന്നിരിക്കുക, നമ്മ—
ളിരുന്നല്ലോ, നാണ—
മാൎന്നു നീ കൂടക്കൂടെ—
യൊതുങ്ങിയൊഴിഞ്ഞാലോ?

നോക്കരുതെന്നോ സൂക്ഷി,—
ച്ചില്ല ഞാൻ നോക്കുന്നില;
നോക്കുന്ന ഭാഗത്തെല്ലാം
കാണ്മതു നിന്നേമാത്രം!

വെളിച്ചംപോലും തോല്ക്കും—
വേഗത്തിലാരാണിന്നു
തെളിക്കുന്നതീ നല്ല
നിമിഷങ്ങളെയെല്ലാം?

മോഹിച്ചതെല്ലാമോതാ—
നൊത്തതില്ലല്ലോ! നിദ്രാ—
മോഹിനി പരിഭവം—
പൂണ്ടുപോയ് മറഞ്ഞിട്ടും!

ആതിരനിലാവിങ്കൽ
മാവിന്മേൽ തളിർമുല്ല—
മാതിരിയെന്നോടൊട്ടി—
ച്ചേൎന്നു നീ കിടക്കവേ,

ഇന്നു ഞാനോർമ്മിക്കുന്നേ-
നാദ്യമായ് നിന്നെക്കാണാൻ
വന്നൊരാ രംഗം (മുമ്പേ
കാമുകരല്ലല്ലോ നാം!)

ജ്ഞാതികൾ പരസ്പരം
സ്വത്തിനങ്ങളെപ്പററി
നാൾപ്പൊരുത്തത്തെപ്പററി-
ക്കുലമേന്മയെപ്പററി

ചർച്ചചെയ്യുമ്പോൾ, പാറും
കൺകളും തുടിക്കുന്ന
ചിത്തുമുള്ളൽക്കണ്ഠയായ്
ഞാനിരുന്നേരിയവേ,

മാതാവിന്നകമ്പടി-
യോടെ, നീ വിഭാതശ്രീ-
മാതിരി ലജ്ജാമധു-
രാനനമല്പം താഴ്ത്തി

മന്ദമന്ദമായ് മമ
മുന്നിലേക്കാദ്യം വന്ന
സുന്ദരരംഗം നിന-
ക്കോർമ്മയില്ലയോ തോഴീ?...

നീയപ്പോൾ ഗ്രഹിച്ചുവോ
മാമകം ഹൃദയത്തി-
ലായിരുന്നു നീ നിന്ന-
തെന്നുള്ള പരമാത്ഥം?

എന്നെ നീ ശ്രദ്ധിപ്പതു
　　കണ്ടു ഞാ,നിടയ്ക്കിടെ—
യെന്നിലേയ്ക്കോടിക്കൊത്തും
　　കൺകൾ പിൻവലിപ്പതും,

അമ്മുഖം തുടുത്തതും,
　　സാരിയിൽ തെരുപ്പിടി—
ച്ചമ്മതൻ പിറകിലേ—
　　ക്കുഴറിയൊളിച്ചതും

നീയുരയ്ക്കുമോ, ഭദ്രേ!—
　　യന്നേരമെന്തോന്നൊക്കെ—
യായിരുന്നു നിന്നുള്ളി—
　　ലൂറിയ വിചാരങ്ങൾ?

(താതനിപ്പൊഴും ജീവൻ
　　കുറേശ്ശെച്ചുമച്ചതി—
താന്തനായ് തുപ്പുന്നതിൻ
　　ശബ്ദമല്ലയോ കേൾപ്പൂ?...

വീണ്ടുമെന്തിനു വന്നു
　　വേദനകളേ, നിങ്ങൾ
തീണ്ടരുതെന്നെത്തെല്ലു—
　　മീയൊരു രാവിൽ മാത്രം...)

വിങ്ങുകയായോ മഴ—
　　ക്കാറുപോൽ നീയും? രാഗ—
ഭംഗികൾ സപ്തോജ്ജ്വല—
　　വർണ്ണമായ് വിടരുമ്പോൾ!

മുമ്പു നീ പിന്നിട്ടോരാ
വീഥിയിലഹർന്നിശ-
മൻപൊട്ടു തണലിട്ടു
നിന്നൊരാ വാത്സല്യങ്ങൾ

കാററിനാൽ വിറപൂണ്ടു
പിന്നിലേക്കകലുവ-
തോർത്തു നീ വിഷാദത്തി-
ന്നലയിൽ ചാഞ്ചാടുന്നോ?

ഒന്നുമേ നിനക്കേകാ-
നെന്നിലില്ലല്ലോ, രാഗ-
തുന്ദിലമായോരെൻെറ
ചിത്തമെന്നിയേ തോഴി...

ആകുമോ, ഭദ്രേ! നിന-
ക്കെന്നെന്നുമെന്നിൽ പൂക്കും
ശോകഭാവനകളിൽ
സുഖത്തെക്കണ്ടെത്തുവാൻ?

ഞാനലഞ്ഞീടും വന-
പ്പടപ്പു,മയോദ്ധ്യയായ്
കാണുവാീനനിശമെൻ
നിഴലായ് തുടരുവാൻ?

എൻ മണിത്തേരിൻ ധീര-
സാരഥ്യമേല്ക്കാീനെന്നു-
മെൻ മനസ്സിലെത്തെള്ളി-
ദീപമായെരിയുവാൻ?

മമ ഭാവനയിങ്കൽ
സൗരഭം വീശും മട്ടു–
മലരായ് വിരിയുവാൻ?
—എങ്കിലീ മുഹൂർത്തത്തിൽ

ഇരുകൈവഴികളായ്
വന്ന നാമൊന്നായ്ത്തീർന്നി–
ട്ടൊരു തേനരുവിയാ–
യൊഴുകാനാരംഭിക്കാം...

ഊർന്നുവീണലയും കാർ–
കുന്തലും ശ്രമജല–
മാർന്നിട്ടും നിടിലവും
വിളറും മുഖവുമായ്

ഇഴിയുമിളവെയി–
ലാടയും വാരിപ്പിടി–
ച്ചുഴകോടണയുന്നു
പുഞ്ചിരിച്ചുഷഃസന്ധ്യ...

കൺകളാൽ, കൈയാ,ലെന്റെ
കാൽ തൊട്ടു വണങ്ങി നീ
മാണ്ട്ഴം മാവിൻ തളി–
രെന്നപോൽ, വ്രീളാനമ്രം

അർപ്പിതസർവ്വസ്വയായ്
ലസിക്കെ,ക്കാണ്മേൻ നിന്നിൽ
ഉൾപ്പുളകത്തോടൊരു
ഭൗമസ്വർഗ്ഗത്തിൻ മുഖം!

—15–5–1969

## ദുഃഖമൂർത്തി

ചുററും വിഷമയമന്ധകാരം! ഭയം—
മുറ്റുന്നൊരേകാന്തനിശ്ശബ്ദശൂന്യത;

ഏതോ വിഷാദമിഴഞ്ഞിഴഞ്ഞെത്തുന്ന
ചേതന; നീരലചിന്നും മിഴിയിണ;

പൂവിടാനാകാത്ത വാഞ്ഛ;യൊരിക്കലും
പൂകിടാനാകാത്ത ലക്ഷ്യം!—തളർന്നു ഞാൻ...

ഒററക്കതിരും പതിക്കാത്ത പാഴ്ക്കിണ—
റത്രേ മനുഷ്യൻെറ ശപ്തമീ ജീവിതം!

നീലച്ചിറകുമൊതുക്കി നിശ്ചഞ്ചലം
കാലമെൻ മുന്നിൽ മരവിച്ചു നില്ക്കവേ,

ഞാനൊരു ശ്വാനൻ; കിതയ്ക്കുന്നു; നീട്ടിയ
പീനമാം നാവിലൂട്ടുറുന്നു ദൈന്യത...

നിഃശ്ശേഷമായ് വരണ്ടുള്ള ഭൂവിൻ നെട്ടു-
നിശ്വാസമേററു കൊഴിഞ്ഞിട്ടും പൂവുകൾ

ചേറിക്കിടക്കും തെരുവിൻെറ നഗ്നമാം
മാറിലൂടേവമലക്ഷ്യമലഞ്ഞു ഞാൻ

എങ്ങുചെന്നെത്തിടുമെത്ര നടന്നിട്ടു—
മെങ്ങുമെത്താതുള്ളൊരീ വ്യർത്ഥയാത്രയിൽ?

ആത്മാവു വിററു കുടിയുറപ്പിച്ചതാ—
മായുസ്സുമാത്രമുണ്ടേകാവലംബനം...

ആകെയിരുണ്ട നടപ്പാതയിങ്കലീ–
യാലക്തപുഷ്പങ്ങൾ നിന്നു ചിരിക്കിലും,
തെല്ലതിൻ വർണ്ണപരാഗങ്ങളെന്തുകൊ–
ണ്ടെൻ ഹൃത്തിൽ മാത്രം പതിഞ്ഞില്ലിതേവരെ?

അല്ലെങ്കിലാരു ഞാൻ? രാജാധിരാജനി–
ങ്ങുല്ലസിപ്പൂ ദുഃഖസിംഹാസനസ്ഥനായ്!
കാവലുനില്ക്കുന്നു കൂരിരുൾ,ളെപ്പൊഴും
താലവൃന്തം വീശിനില്ക്കുന്നു വീർപ്പുകൾ...
ഏകാന്തതയുടെ മന്ത്രസദസ്സിൽനി–
ന്നേവം ഭരിക്കുകയാണു ഞാൻ ജീവിതം!

—20–7–1967

## ഗർഭശ്രീമാൻ

രാവിറക്കമായ്; മഞ്ഞ—
    രേഖകൾ തെളിയുന്ന
പൂർവ്വദിങ്മുഖം വിള—
    ർത്തങ്ങനെ;യുണർന്നു ഞാ—

നിരിപ്പൂ മയക്കത്തിൻ
    പാഴ്നിഴൽപ്പാടിൽ, മഞ്ഞിൻ—
തരിപോ!ലട്ടത്തുണ്ടെ—
    ന്നന്തർവത്നിയാം വംശ—

വർദ്ധിനി;യവളുടെ
    ചിന്തതൻ നിറംകെട്ട
ചുണ്ടിലാർദ്രമാമേതോ
    തേൻകനി! രോമാഞ്ചത്തിൻ

മൃദുലേപനമാർന്നു
    മഞ്ഞച്ചോരഴകുണ്ടും,
മധുരം 'കിള്ളാ കിള്ളാ'—
    നാദമസ്പഷ്ടം വിങ്ങി—

മുറുകും നിറവയർ
    ത്തുഞരമ്പുകൾ ജാഡ്യ—
മുരുകും കടക്കണ്ണാൽ
    മീട്ടിയും, നവാരബ്ധ—

പിതൃഭാവനാതീർത്ഥ—
ധാരയിലരക്ഷണ—
മതുലാഹ്ലാദത്തിൻെറ
നുരയായൊഴുകിയും

ഞാൻ വിലയിക്കെ, ദ്രുത—
മെങ്ങുപോയിന്നോളമെൻ
ജീവനിലിരുൾവല—
വീശിയ നൈരാശ്യങ്ങൾ?

എങ്കിലും പിതൃത്വത്തിൻ
പേരിൽ ഞാൻ, കൊടിയേറി—
നില്ക്കുമീ നവ്യോത്സവ—
മേളയിൽ പങ്കാളുമ്പോൾ,

ഉത്സവം കഴിഞ്ഞെഴും
ശൂന്യതയുടെ നീല—
നിശ്ചലമൗനം കാലിൻ—
ച്ചുവട്ടിൽ തളംകെട്ടു—

കല്ലല്ലീ? വർഷങ്ങൾക്കു
മുമ്പൊരു ഗർഭശ്രീമാ—
നുല്ലസിച്ചതു,മവ—
നൊരുനാൾ മനുഷ്യൻെറ

മൂല്യങ്ങളാവേശിച്ചു
പനിയാൽ വിറയാർന്നോ—
രല്ലിൻെറ ദൈന്യം കേട്ടു
ഞാനായിപ്പിറന്നതും,

ഉറക്കെക്കരഞ്ഞതും,
കരഞ്ഞുകമിഴ്ന്നതു,—
മുഴറിപ്പദമൂന്നി—
നിന്നതും, സ്നേഹോഷ്മള-

മിരുകൈവിരൽത്താങ്ങാൽ
പിച്ചവച്ചതും, പിന്നെ—
യൊരു കൈത്താങ്ങും കൂടി—
ലഭിയാ,തെവിടേക്കെ—

ന്നില്ലാതെയലഞ്ഞതും
മേല്ക്കുമേൽ വലഞ്ഞതു—
മെല്ലാമിക്ഷണം തേങ്ങു—
കല്ലല്ലീ സ്മരണയിൽ?

നിനക്കായ്, കുഞ്ഞേ,യൊന്നായ്—
ത്തീർന്ന രണ്ടാത്മാവുകൾ
നിഭൃതം വരവേല്പി—
ന്നീവിധം വിടരുമ്പോൾ,

ഇവിടെയീക്കിൽക്കൈകൾ
നീട്ടി വീട്ടുകൾതോറു—
മിരന്നു നീങ്ങും മൂക—
നിഴൽക്കൂട്ടങ്ങൾ; വിദ്യാ—

മന്ദിരങ്ങളിൽ,ത്തെരു—
വീഥിയിൽ, വാതിൽപ്പൂട്ടി—
നിന്നിട്ടും സൗഭാഗ്യത്തിൻ
മുമ്പിലുൽക്കടം നീറി—

ഷ്പകയും വിസ്ഫോടക–
യുവചേതന;യെങ്ങും
പടരുമധികാര–
മോഹമാം പാഴ്മേഘങ്ങൾ;

—ആദ്യമായ് വിടരുന്ന
നിന്മിഴിയിണയ്ക്കു നി–
വേദ്യങ്ങ!ളാരോമലേ,
നിൻ വഴി സങ്കീർണ്ണംതാൻ...

ചുട്ടുപൊള്ളിക്കും തമോ–
മയമാം തടവറ
വിട്ടുപോരുവാൻ, കുഞ്ഞേ,
കൈകാലിട്ടടിക്കുമ്പോൾ,

അല്പവുമറിയുന്ന–
തില്ല നീ, വന്നേറേണ്ടു–
മിപ്രപഞ്ചത്തിൻ കംസ–
നീതിയെപ്പററി,ജ്ജന്മ–

പാപത്തിൻ നാശോന്മുഖ–
ദുഷ്ഫലങ്ങളെ,പ്പുണ്യ–
പാപങ്ങൾ തമ്മിലൊന്ന്
'കൂട്ട'മാററത്തെപ്പററി...

ക്രോധ,മുഗ്രമാം പക,
തച്ചുടയ്ക്കലിൻ തീവ്രാ–
വേശമെന്നിവ ചീറും
ചെമ്പകലിനെപ്പററി;

പൊയ്മുഖമഴിച്ചിട്ട
നരജീവിതം സ്വയം
തന്മുഖാകൃതി കാണും
കരിരാവിനെപ്പററി!

ഉരുവേഗമാം നിമേ-
ഷത്തിൻെറ പൽച്ചക്രത്തി-
ലുരുണ്ടു പായുന്നൊരീ
പാഴ്യുഗമുയർത്തിടും

രുഗ്ണമാമപശ്രുതി-
യിങ്കൽ, നിൻസ്വരവുമെൻ
സ്നിഗ്ദ്ധതേ, മറെറാരപ-
ശ്രുതിതാനാവില്ലല്ലീ?

രാവകന്നുവോ? ചോര-
ത്തുമുഖം വിരിയുക-
യാവുമോ, കിഴക്കിൻെറ-
മറവിൽ? കുളിത്തു ഞാ-

നിരിപ്പൂ, ചട്ടുലമായ്
ക്കുമ്പലും വിരിയലു-
മനുശീലിക്കും രണ്ടു
മിഴിതൻ നിഴല്പാടിൽ!

—4–11–1970

## മഹാബലിക്കൊരു കത്ത്

കാത്തുകാത്തിരിക്കുമെൻ
ജീവനിൽ കുളിരല-
ച്ചാർത്തു വീശുവാനോണ-
പ്പൂവുകളുണ്ടല്ലോ!

കത്തു ഞാൻ കുറിക്കട്ടെ;
ശ്രാവണനിലാവണി-
മെത്തയിലുറങ്ങുന്ന
രാവിനെക്കാണിക്കാതെ...

ആശയുണ്ടെനിക്കങ്ങു
പാകിട്ടും നിശ്വാസത്തിൻ-
പേശലാർദ്രമാം നൂലാൽ
സ്വപ്നമാലിക കോർക്കാൻ...

നോവൊലിക്കുന്നു, പക്ഷേ,
താവകമഴകനു-
ധാവനംചെയ്യും മമ
ചിന്തകൾക്കുള്ളിൽപ്പോലും!

ചക്രവാളത്തിൻ വാതിൽ-
പ്പടിയിൽ സുഭിക്ഷത്തിൻ
ശുക്രതാരകംപോൽ നീ
പൂത്തിരി കൊളുത്തവേ,

'മാനുഷരെല്ലാരുമ—
ന്നൊന്നുപോ'ലുന്മേഷത്തിൻ
മാൺപെഴമത്തപ്പൂവി—
ട്ടൾക്കളം നിറയ്ക്കവേ,

ഞാനുണരന്നേണിറവു; മൽ—
ക്കരളിൻ പ്രേമോദാര—
ഗാനവീചികൾക്കുള്ളിൽ
തുടിച്ചു കിനാവുകൾ...

അന്നു ഞാനങ്ങിൽക്കൂടി
ദശിച്ചു, സനാതന-
ഭംഗികൾ തളിക്കുന്ന
നന്ദനോദ്യാനംപോലും!

നാമന്നു വിരമിച്ച
നാദമേഖലകളിൽ
നാണിച്ചു നാണിച്ചന്തി—
ത്താരുകൾ ചുളുങ്ങവേ,

എത്ര മോഹത്തിൻ കുയിൽ—
മുട്ടകൾ നിറഞ്ഞീലെൻ
മുഗ്ദ്ധഭാവനയുടെ
കുളിർവെള്ളിലക്കൂട്ടിൽ!

കാത്തുകാത്തിരിക്കുക-
യാണു, നിന്നപദാന—
മോത്തു ഞാ,നെന്നേ മുട്ടി
വഷമൊന്നുടഞ്ഞേപോയ്.

വാമനനന്നൊത്തില്ലന്നു–
മവിടുന്നുയർത്തിയോ–
രാ മഹാത്യാഗത്തിൻെറ
മൗലിയിൽ ചവിട്ടീടാൻ...

അങ്ങറിഞ്ഞിരിക്കില്ല,
നൂതനവ്യതിയാന–
ഭംഗികളെന്നിൽത്തീർത്ത
മാത്സരവികാസങ്ങൾ;

മുമ്പു മൽത്തളിർമേനി
മൂന്നായി വരിഞ്ഞിട്ട
മുപ്പിരിക്കയറിൽ ഞാ–
നുഴിഞ്ഞാലാടുന്നിപ്പോൾ!

വിണ്ണുഴകുകൾ തുമ്പ–
പ്പൂക്കളിൽ പകന്നേത്തും
വെള്ളിരാവുകൾ നിഴൽ–
ത്താവളമൊരുക്കുമ്പോൾ,

കറുകപ്പുൽമേട്ടിൽ വ–
ന്നിരിക്കും കുഞ്ഞിക്കാററു
കദളിപ്പഴങ്ങൾത–
ന്നോർമ്മകൾ നുണയുമ്പോൾ,

ആശയുണ്ടെനിക്കങ്ങു
പാകിട്ടം നിശ്വാസത്തിൻ
പേശലാർദ്രമാം നൂലാൽ
സ്വപ്നമാലിക കോക്കാൻ,

ഒന്നു ഞാൻ പറഞ്ഞേക്കാം:
നാളെ ഞാനുറങ്ങുന്ന
മഞ്ജുവാം മണിയറ—
യ്ക്കുള്ളിൽ നീ വരുന്നാകിൽ,

ആ വന്ദ്യപദങ്ങളെ
മുറുകെക്കെട്ടും ഞാനെൻ
ജീവനിൽ നോവിക്കാതെ
രാഗലോഹിനികളാൽ...

നിത്തുന്നു ദേവാ; മേലി-
ലമ്മടിത്തട്ടിൽ മലർ—
ത്തൊത്തുപോൽ വീഴാവൂ ഞാൻ
വേർപെടാതൊരിക്കലും...

—26-8—1957

## കുമാരസംഭവം

### ദർശനം

ആരു നീ,യാരു നീ ദേവീ!
പൂജാപുഷ്പങ്ങളേന്തിയോൾ?
പുണ്യതീർത്ഥത്തിൽ നീരാടി—
യീറൻചുററി വരുന്നവൾ?

വിരിഞ്ഞും കൂമ്പിയും മിന്നു—
മധരങ്ങളിലൂടവേ,
ആമന്ദമൊഴുകുന്നല്ലോ
കീർത്തനാലാപനധ്വനി!

ആ നീലമിഴികൾ വീശും
സഞ്ജീവനമരീചിയിൽ
നൃത്തമാടുന്നുണന്നെങ്ങും
നാനാവൃക്ഷലതാദികൾ...

വസന്തത്തിന്റെ സൗവർണ്ണ—
ക്കൊടി പാറിക്കളിക്കവേ,
കാഹളം പൊന്തവേ, മുഗ്ദ്ധ—
കളകാകളി പെയ്യവേ,

കാററു വന്നു കുളിർത്താല—
വൃന്തം വീശിയിരിക്കവേ,
ആരാണൊളിഞ്ഞുനിന്നെന്നിൽ
പൂവമ്പെയ്തു തറച്ചവൻ?

എന്തു ഞാ?നെന്തു ഞാ?നെന്തെൻ
സമാധിപരിപാടികൾ?
ഏതോ ലഹരിപൂണ്ടാകെ
വിവശം മമ ചേതന...

ആരു നീ,യാരു നീ ദേവീ,
കാല്യകന്യകമാതിരി,
ഇരുളിൻെറ പടപ്പെല്ലാം
വെട്ടിമാററി വരുന്നവൾ?

തവ ദർശനധന്യൻ ഞാ–
നിനിമേലെന്റെ ചില്ലകൾ
തളിക്കും പൂത്തുലഞ്ഞാട്ടും
കുളിർകാററിലനാരതം...

ആകർഷണം

നിൻെറ മെയ്യൊളി കാണുമ്പോൾ
കണ്ണല്ലാതൊന്നുമല്ല ഞാൻ;
നിന്റെ തേന്മൊഴി കേൾക്കുമ്പോൾ
കാതല്ലാതൊന്നുമല്ല ഞാൻ...

ജീവിതത്തിന്നു കൈവന്നു
നവ്യാസ്ഥരസനീയത;
മനസ്സിന്നോ? മുരണ്ടെത്താൻ
മധുവാന്ന മഹാലത!

ആദ്യമാ,യാദ്യമാ,യെന്നിൽ
നുരഞ്ഞൂ കുളിർഭാവന;
അതിൽ നീ നിന്നു ചാഞ്ചാടീ–
യോമൽക്കവിതമാതിരി...

മണംപെയ്യുന്ന പൂക്കൈത-
യാണു നീയതിലെപ്പൊഴും
ചുററിക്കറങ്ങി വീഴുന്നു
വീണ്ടും ചുററുന്നു ഞാൻ സഖീ!

നിന്നിൽനിന്നു പിരിഞ്ഞൊററ-
യ്ക്കൊരുമാത്രയിരിക്കുവാൻ
ആവുകി,ല്ലെങ്ങനല്ലെങ്കിൽ
ദീപം ദീപ്തിയെ വേർപെടും?

## തപസ്സ്

എത്രനാളെത്രനാളന്നു
തപോവൃത്തിയിലാണ്ടു ഞാൻ?
വിഘ്നകാരികൾ വന്നെത്ര
ശ്രമിച്ചീലെന്നെ വീഴ്ത്തുവാൻ!

തീനാവും നീട്ടിയെൻ മുന്നിൽ
ഗ്രീഷ്മം ചെങ്കണ്ണുരുട്ടവേ,
ഉരുകുമുൾക്കളത്തോടെ-
യേകതാനതയാന്നു ഞാൻ...

നിൻകടാക്ഷമതിൻ മിന്നൽ-
സ്ഫുലിംഗം ചില വേളയിൽ
കറുത്തവാനിൽനിന്നാളി-
പ്പൊലിയുന്നൊരു നേരവും

ചക്രവാളപ്പടപ്പാകെ-
പ്പൂത്തിട്ടും പുണ്യരാത്രിയിൽ
നിൻ സ്മിതത്തിൻ നിലാവൂറി-
ത്തെളിഞ്ഞു വിലസുമ്പൊഴും

കണ്ണീർ തൂകിയിരുന്നു ഞാൻ
മഞ്ഞുഴം രാത്രിപോലവേ,
നെടുവീർപ്പിട്ടിരുന്നു ഞാൻ
മരുവിൻ കാററുപോലവേ...

അർത്ഥന

യൗവനപ്പൂനിലാവേററെൻ
ജീവിതത്തിൽ പൊടുന്നനെ,
വേലിയേററങ്ങളുണ്ടായോ—
രാമുഗ്ദ്ധനിമിഷംമുതൽ,

സ്വാസ്ഥ്യമെന്തെന്നറിഞ്ഞീടാ—
തലഞ്ഞേൻ ഞാനിതേവരെ;
തടത്തിൽ തല്ലിയും മാഞ്ഞും
വീണ്ടും പൊന്തും ജലോർമ്മിപോൽ!

എത്ര മഞ്ജുവസന്തങ്ങൾ
എന്നെച്ചുംബിച്ചു നിഷ്ഫലം!
ഞാനശോക,മിനിപ്പൂക്കാൻ
നിൻപദസ്പർശമേല്ക്കണം...

പവിഴക്കഴൽകൊണ്ടെന്നെ—
ച്ചവിട്ടൂ പൂത്തിടട്ടെ ഞാൻ!
എന്റെ സൗരഭ്യമെത്തട്ടേ
ശൂന്യാകാശതലങ്ങളിൽ...

നമ്മിൽനിന്നുമുയിക്കട്ടേ
മഹാസേനാനി; തൽബലം
ജ്വലിച്ചാളട്ടെയത്യുഗ്രം
'താരകാ'പഥമെങ്ങുമേ ...

—26–6–1966

# നഗരത്തിലൊരു പ്രഭാതം

പതിവായന്തിക്കുട്ടിന്നുള്ള ജീർണ്ണമാം ജന്നൽ–
പ്പഴുതിൽ പ്രഭാതത്തിൻ പൊയ്മുഖം കണ്ണാൽ കണ്ടും,
പോയൊരാ നിശ പെററ പേക്കിനാവുകൾ നെയ്ത
പാഴ്‌വല കൈകാൽ കുടഞ്ഞുഴറിച്ചീന്തിക്കൊണ്ടും,
നിന്നിദ്രമുണവ്വററു ശയിപ്പൂ, ശവാസനം–
തന്നിൽ ഞാൻ, നിശ്ശൂന്യമീ വാടകമുറിക്കുള്ളിൽ...

നിഷ്ക്രിയത്വത്തിൻ, ഭഗ്നമോഹത്തിൻ തണുപ്പുററ
നിശ്ചലദുർഗ്ഗന്ധമാണന്തരീക്ഷത്തിൽ മുററും!
വീപ്പുമുട്ടുന്നു, മുട്ടും മുഷിവിൻ മരവിപ്പു
വീർത്തുകെട്ടുന്നു ബലഹീനമെന്നംഗങ്ങളിൽ...
നീലമാം ന്യൂറോസിസ്സിൻ രേഖകൾ പിണയുന്ന
നീൾക്കൈകൾ;ളതൃപ്തിതൻ പുളിപ്പാന്നിട്ടും കൺകൾ;
ഊതിവീപ്പിക്കെപ്പൊട്ടിപ്പോയ ഭാവന; നീരിൽ
പാതി മുങ്ങിയ ഘനജഡമാം വികാരങ്ങൾ;
കാററുവീശവേ പിഞ്ഞിപ്പോയ ചിന്തകൾ; പൂക്കാ–
നാററുനോററിരിക്കുന്ന വന്ധ്യമെൻ കിനാവുകൾ...

വിയപ്പും പൊടിയും തിന്നലസം തൂങ്ങും ടെർലിൻ
വിഴപ്പും, ചിലന്തിതൻ ചിത്രവേലയും, പൊട്ടി–
പ്പൊടിഞ്ഞ ചില്ലിൻകൂട്ടിൽ കുടുങ്ങിക്കിടക്കുന്ന
പരദൈവത്തിൻ വർണ്ണച്ഛായയും, പാഴ്ക്കാലത്തിൻ

ചിത്തമായ് സ്പന്ദിക്കുന്ന നാഴികമണിച്ചെപ്പും,
ശുദ്ധിപൂണ്ടമരുന്ന നീൾനിലക്കണ്ണാടിയും,

മേനിയിലുടനീളം തറഞ്ഞുനില്ക്കുമിരു-
മ്പാണികൾതോറും പേറും നാലുഭിത്തികൾക്കുള്ളിൽ

രസശൂന്യമെൻ വാഴ്വു, നാളിയിലടച്ചുള്ള
രസബിന്ദുപോലൊററപ്പെട്ടിതാ കിടക്കുന്നു...

ഓർമ്മയിൽക്കാണ്മേനിപ്പോ,ളെൻെറ ചുററിലുമുണർ-
ന്നൂർമ്മികളുയർത്തുന്ന ജീവലോകത്തിൻ ചിത്രം!

ചത്ത പട്ടിതൻ നീണ്ട നാവുതാൻ നഗരത്തിൻ-
പദ്ധതി;യതിലരിച്ചിഴഞ്ഞു നുളയ്ക്കുന്നു

പുഴക്കൾ—തമ്മിൽത്തമ്മിലറിയാതൊട്ടിക്കൂടി-
യൊഴുകുന്നവർ, ഭിന്നവേഷഭാഷകളോടെ...

എഴുനേല്ക്കട്ടേ, പേർത്തുമെന്നെയും ചുമന്നു ഞാ-
നുഴറിച്ചെന്നീടട്ടേ നീളുമാ പ്രവാഹത്തിൽ!

—7-1-1970

# നിർവൃതിയിലേക്കു്!

തുഴയുകയാണു താനേ,
മറുകരപൂകാൻ ഞാനീ-
പ്പുഴയിലൂടൊരു ചെറു കൊതുമ്പുവള്ളം!

കാററുവീശിയടിച്ചിട്ടും
മാരികോരിച്ചൊരിഞ്ഞിട്ടും
കാർമുകിലിന്നുരുമിവാൾ കണ്ണഞ്ചിച്ചിട്ടും

അലറുമിപ്പുഴയിലൂ-
ടിടംവലം തിരിഞ്ഞിടാ-
തലകളെത്തകർത്തു ഞാൻ തുഴഞ്ഞുപോകെ,

മനസ്സിൻെറ മണിമുററ-
ത്തഴകിലണിഞ്ഞൊരുങ്ങി
മലർക്കളമെഴുതുവാൻ മുതിരുവോളേ,

അയി! സഖി! നീയരുളും
പ്രചോദനലഹരിയാൽ
ഭയമെന്തെന്നറിയുന്നീലൊരിക്കലും ഞാൻ...

മലരികൾ, ചുഴികളു-
മവകടം പതിയിട്ടു
മയങ്ങുന്ന കയങ്ങളുമൊഴിഞ്ഞു കുതി,

തുഴയുകയാണു പേർത്തും
മറുകരയെത്താൻ ഞാനീ
പ്പുഴയിലൂടൊരു ചെറു കൊതുമ്പുവള്ളം!

ച്ചുററുപാട്ടുമിരുളിൻെറ
മദയാനക്കൂട്ടം കൊമ്പു–
കുത്തിക്കളിച്ചടരാടിയണയുന്നേരം,

വീടിനുള്ളിൽ കമ്പിളിയാ–
ലാകെ മൂടിപ്പുതച്ചി,ട്ടെൻ
'കൂട്ട'വിട്ടിട്ടുറക്കത്തെക്കാവലാളാക്കി,

തോഴി, നിന്നെത്തേടിയൊരു
നാളിലോമൽക്കിനാവിൻെറ
തോണി മെല്ലെത്തുഴഞ്ഞു ഞാൻ വരുന്നതില്ലേ?

അന്നു നീ കതകുമൊപ്പം
കരളും തുറന്നുകൊണ്ടെൻ
മുന്നിലൊരു പുതുനൃത്തം കാഴ്ചവച്ചില്ലേ?

ആ മൃദുലകരയുഗ–
ചടുലചാലനങ്ങളി–
ലാ മധുരതരസ്മേര വിലാസവായ്പിൽ,

ആ രുചിരകായകാന്തി–
പ്പുളപ്പി,ലശ്രുമജല–
പൂരമെഴും പരിമൃദുപരിമളത്തിൽ,

എന്നെയും മറന്നു ഞാന–
ന്നലിഞ്ഞലിഞ്ഞമന്നൊരാ
ധന്യരംഗം മറക്കില്ലാ, മരിച്ചാലും ഞാൻ...

സ്മൃതികൾ ത'ന്നെക്ക'ലേറും
മന്മനസ്സിൽ വളരുന്ന
മധുരാനുഭൂതികൾതൻ കരിമ്പുകാട്ടിൽ,

എത്രനാളായ് താനേ തപം–
ചെയ്തിരിപ്പു തോഴി, തവ
ദർശനവും കൊതിച്ചു ഞാൻ വിരഹതപ്തൻ!

ആററിനങ്ങേക്കരയ്ക്കുഴം
മുന്തിരിപ്പൂവനികയിൽ
നോററുനീയുമിരിക്കയാം ധ്യാനമൂകയായ്...

അതിനാലീ ഭയദമാം
മുഹൂർത്തത്തിൽപ്പോലും സ്വയം
മതിമുഖീ! നിന്നേമാത്രം മനസ്സാലുന്നി,

തുഴയുകയാണു രാവിൽ,
മറുകരയെത്താൻ ഞാനീ
പുഴയിലൂടൊരു ചെറു കൊതുമ്പുവള്ളം!

ക്രൂരിരുളു പരന്നിട്ടും
വഴിച്ചുണ്ടിത്തരുംവണ്ണം
ദൂരെയതാ മിന്നുന്നു നിൻ ഭവനദീപം...

ഉഗ്രമേഘഗർജ്ജനത്തി–
ന്നിടയിലും തുടിക്കുന്നെ–
ന്നുൾക്കളത്തിൽ തവ മൗനമധുരഗാനം!

കൊട്ടങ്കാററു തിമർത്താലു–
മെന്നെ വന്നോമനിപ്പൂ നിൻ
നെട്ടുവീർപ്പിൻ മദഭരസുഗന്ധപൂരം...

പത്തിപൊക്കിച്ചീറിട്ടുന്ന
തിരകളാഞ്ഞെതിർക്കട്ടെ,
കുത്തൊഴുക്കിൻ വടം താഴേക്കുൾവലിക്കട്ടെ,

ഒരുനാളുമണയാത്ത
പൗരുഷമെരിഞ്ഞുനില്ക്കും
കരളൊരു പുതുശക്തിക്കധീനമാക്കി,

തുഴയുകയാണു വേഗം,
മറുകര പൂകാൻ ഞാനീ
പുഴയിലൂടൊരു ചെറുകൊതുമ്പുവള്ളം!

—15–5–1964

# സ്വാഗതം!

സ്വാഗതമോതുന്നേൻ ഞാൻ,
പ്രിയദർശന, ഭവ-
ദാഗമോത്സവം കൊടി—
യേറുമീ മുഹൂർത്തത്തിൽ

പണിശാലകൾ യന്ത്ര-
ശംഖൊലിയാലേ, മർത്ത്യ—
പദപാണികൾക്കതി—
ശീഘ്രത പകരുമ്പോൾ,

പുതിയോരാവേശത്തിൻ
ചലനം സൃഷ്ടിച്ചെങ്ങും
പുകവണ്ടികളിട്ടു—
മാപ്പുകളുയരുമ്പോൾ,

മഞ്ജുവാം മഞ്ഞക്കതി—
രാടകൾ വിരിച്ചിട്ടു
പുഞ്ചകൾ പുതുസ്വപ്നം
കണ്ടുകണ്ടിരിക്കുമ്പോൾ,

ഉദ്രസം താലപ്പൊലി—
യേന്തിയ വിദ്യുത് പ്രഭാ—
സുന്ദരികളീ വഴി—
ത്താരകൾ തിളക്കുമ്പോൾ,

സ്വാഗതമോതുന്നേൻ ഞാൻ
പ്രിയദർശന, ഭവ-
ദാഗമോത്സവം കൊടി-
യേറുമീ മുഹൂർത്തത്തിൽ...

മുമ്പു ഞാൻ തവ മുഖ-
ദർശനത്തിനായ് നിന്ന
മുഗ്ദ്ധമാം വള്ളിക്കുടിൽ
മാഞ്ഞുപോയതിൽപ്പിന്നെ,

സ്വച്ഛമാകുമീ 'കൃഷ്-
ണ്പച്ച'യിലിരുന്നത്രേ
കല്പനാമയമായൊ-
രക്കാലം സ്മരിപ്പു ഞാൻ...

ആനന്ദഗാനം പെയ്തു
മുമ്പു നാം സന്ധിക്കാറു-
ള്ളാ നല്ല മുഹൂർത്തമെൻ
ജീവനിൽ പൂകുന്നു...

ചുററിലുമാത്മാമോദം
പരത്തിക്കുളിർകാററിൻ
ചിററലകളിലോണ-
പ്പൂവുകളാടുംകാലം,

രാവിലുമഹസ്സിലു-
മൊരുപോൽ സപ്തസ്വര-
രാഗവീചികൾ നെയ്തു
ചോലകൾ പാടിപ്പോകെ,

ശുഭ്രമാമാകാശത്തിൻ
പടന്ന പൂവിട്ടൊരു
സ്വപ്നവല്ലരിയുടെ
കീഴിലീ ലോകം നില്ക്കെ,

തൂനിലവിളക്കിൻെറ
മുന്നിലങ്ങയെക്കാത്തു
ഞാനിരുന്നീടും കത:—
രിട്ടൊരു മോഹംപോലെ...

പിമ്പിൽവന്നറിയാതെ
നിന്നു മൽത്തളിർമേനി—
യമ്പിയന്നാശ്ലേഷിക്കാ—
നവിടുന്നായുന്നേരം

ഓതുവാനാവാതുള്ളോ—
രാത്മനിർവൃതിയിലെൻ
ചേതന പൊടിമഞ്ഞു—
പോലമന്നലിഞ്ഞീടും...

ആവണിവെട്ടം മാഞ്ഞു—
പോകവേ, യാത്രാമൊഴി—
ക്കാ വിലോലമാം നേത്ര—
മെൻ മുഖം ചുംബിക്കുമ്പോൾ,

വേദനയസഹ്യമായ്
കത്തിനിന്നിട്ടും ജീവൻ
വേർപെടാത്തതു വീണ്ടും
കണ്ടുമുട്ടുവാൻ മാത്രം...

അങ്ങനെ പലവട്ടം
പിരിഞ്ഞുമത്യാമോദം—
തിങ്ങുമാറെത്തിപ്പേർത്തും
പുല്കിയും കഴിഞ്ഞു നാം...

സ്വാഗതം! മഹാബലി—
മന്നവാ, ഭവാനിനി—
മേലിലെൻ മണിയറ
ശൂന്യമായ് ച്ചമയ്ക്കൊല്ലേ!

തുഷ്ടിയാൽ കൃഷീവല—
മേധ നല്കിയ പച്ച—
പ്പട്ടു ചാർത്തിയും യന്ത്ര—
ശക്തിതൻ ഗാനം കേട്ടും

ശാസ്ത്രബോധത്തിൻ ദീപ—
മാലകൾ തെളിച്ചും ഞാൻ
കാത്തുനില്ക്കുകയത്രേ
നിൻ ദ്രുതസമാഗമം.

ദിവ്യനാം നിന്നോടൊപ്പം
വിരഹം തീണ്ടാത്തൊരു
നവ്യമാം വാഴ്‌വാണെനി—
ക്കുള്ളതാമൊരേ ലക്ഷ്യം!

ഏകതാനതയോടെ
നില്പു ഞാൻ, ഭക്ത്യാദര—
രാഗപൂർവ്വകമെൻെറ
ഹൃദയം മന്ത്രിക്കുന്നു...

സ്വാഗതം! മഹാബലി-
മന്നവാ, ഭവാനിന്-
മേലിലെൻ മണിയറ
ശൂന്യമായ്ച്ചമയ്ക്കൊല്ലേ!

—12–8–1964

## പ്രണയാങ്കുരം*

കിളിമൊഴിയേ! കായാംപൂ–
വൊളിമിഴിയേ! വന്നാലും!

മമ സഖിയേ, മധുരരസം
വഴിയുമൊരു കഥ പറയാം:

മുമ്പൊരുനാൾ, മരനിരതൻ
ചെമ്പവിഴത്തളിരൊളിയിൽ

മധുമാസപ്പൊൻകനവിൻ
മൃദുഹാസം വിരിയുമ്പോൾ,

മാഞ്ഞിയലും വിരിമാറിൽ
മാലയണിഞ്ഞൊരു കൈയിൽ

പടവില്ലും പൂണ്ടടവീ–
തടമതിലൂടൊരു തരുണൻ,

മദനസമൻ, നായാടാൻ
മിളിതരസം പോകുമ്പോൾ,

മമതയൊടേ മമ മുന്നിൽ
മരുവുകയായ് കുറെനേരം;

എൻ മിഴിയിൽ നിശ്ശബ്ദം
തൻമിഴിയാൽ മഷിയെഴുതി

ഒരുവാക്കും പറയാതെ
മറയുകയായദ്ദേഹം...

---

* സംഘംകൃതികളിലുൾപ്പെട്ട 'കലിത്തൊകൈ'യെന്ന കൃതിയിലെ ഒരു പാട്ടിൻെറ കഥാബീജം സ്വീകരിച്ചുകൊണ്ടു സ്വതന്ത്രമായി രചിച്ചൊരു കവിതയാണിതു്.

ചിത്തില്പടൻ ചിന്തിയൊരാ—
ച്ചിന്തകൾതൻ ചിററലകൾ
മമ മിഴിയിൽനിന്നാട്ടി—
ക്കളെയുകയായെന്നുറക്കം...

കടമിഴിയാലല്ലാത—
ക്കമനനൊരു വേളയിലും
അരുളിയതല്ലിവളുടെ പേ—
ക്കവനിയലുന്നനുഭാവം...

ഞാനാരാ?ണബല വെറും
നാണത്തിൻ തളിരിലതാൻ;
എങ്ങനെ ഞാനെന്മനസ്സിൽ
തിങ്ങിടുമീ പ്രണയത്തിൻ
കഥയവനോടരുളീട്ടും?
കഴിവില്ലാതുഴലുകയായ്...
കദനത്തിൻ തീയലയിൽ
കരളാകെയുരുകുകയായ്.
വഴിയൊന്നും കാണാഞ്ഞി—
ട്ടുഴറതേൻ ഞാനിരവുപകൽ...
അനുമാത്രം പെരുകുന്നോ—
രനുരാഗവേദനയാൽ
ഒരുദിവസം ലജ്ജവെടി—
ഞ്ഞൊരുകാര്യം ചെയ്തേൻ ഞാൻ:
നമ്മുടെയാക്കൃഷിവാടം—
തൻ നികടത്തടഭൂവിൽ

കളിയൂഞ്ഞാൽ പടിയിന്മേൽ
തനിയേ ഞാനമരുമ്പോൾ,

മണമെങ്ങും വീശിക്കൊ—
ണ്ടണയുകയായ് മുറപോലെ,

മുറുവലൊളിമായാത്ത
മുകരോടെൻ മതിമന്നൻ...

അങ്ങവനേക്കുകിവിളി—
ച്ചിങ്ങനെ ഞാ,നോതിപ്പോയ്:

"ഊഹ്ലയി...ഒരു കുറിയെ—
ന്നൂഞ്ഞാലൊന്നാട്ടിത്തരൂ..."

"നിശ്ചയമായാട്ടിത്തരാം
നിന്നേ ഞാൻ സുന്ദരിയേ!"

ഇദമരുളിപ്പിറകിൽ വന്നെൻ
ഹിതമറിഞ്ഞിട്ടാട്ടമ്പോൾ,

ഉഴിഞ്ഞാലിൻ പടിയിൽനി—
ന്നൊട്ടവിൽ ഞാൻ വഴുതിയപോൽ

ഒഴുകിച്ചെന്നൂക്കെഴമാ—
ച്ചുമലിൽതാൻ വീഴുകയായ്...

കുതുകമൊടെൻ കുളിരണിമെയ്
പുണരുകയായദ്ദേഹം...

ഒരു മധുരക്കനവിലമ—
ന്നൊഴുകുകയായെങ്ങോ ഞാൻ!

കടശ്ശിയിലെൻ പുതുമയക്കം
കടമിഴിവിട്ടകലുമ്പോൾ,

മുറുകിട്ടമക്കരവലയ-
ത്തടവിലൊരു മാലികപോൽ,

വിവശതരം മൽത്തളിർമെയ്
വിലസുവതായ് കണ്ടേൻ ഞാൻ...

കുളിരുതിരും വിരലാലെൻ
കുനുചികുരം മാടിയവൻ

പിന്നരുളീ: "പെണ്ണേ,യെൻ
പൊന്നരുളിക്കണിമലരേ,

എൻമിഴിതൻ മിഴി നീയേ!
എൻ കരളിൻ കരൾ നീയേ!..."

പുളകത്തിൻ പൂവാട-
പ്ലുതയോടെ ഞാൻ മരുവീ...

ഓർമ്മയിലാ പുതുബന്ധം
തേൻ പകരുന്നിപ്പോഴും!

കിളിമൊഴിയേ! കായാംപൂ
വൊളിമിഴിയേ, കേട്ടാലും

മമ സഖിയേ,യാരോടും
പറയരുതേയിക്കാര്യം!

—26-7-1964

## തേരിൽ

വരു, വരൂ, ഭദ്രേ!യിത്തേർ തെളിക്കൂ...
വളരൊളിപൂണ്ടൊരിത്തേർ തെളിക്കൂ...
മലകളുമൊപ്പമഗാധഗർത്തങ്ങളും
മലർകളും മുള്ളും നിറഞ്ഞുനില്ക്കും നീണ്ട
വഴിയിലൂടോമനേ, തേർ തെളിക്കൂ!

പുലർമഞ്ഞുമൂടിയ പൂർവ്വദിക്കിൻ—
വദനം വിരിഞ്ഞു തുടുക്കുമാറും
രഥചക്രനാദം മുഴങ്ങുമാറും, മഞ്ഞ-
ക്കതിരാട കാററിൽ പറക്കുമാറും, പുണ്യ—
പുലർകാലമല്ലേയണഞ്ഞു മുന്നിൽ?

കരളിലെക്കൂരിരുൾപൊന്തയിങ്കൽ
കതിർവീശി നില്ക്കുന്നു തൂവെളിച്ചം;
ചിറകു മുളയ്ക്കുന്ന മോഹങ്ങൾ, മോഹന—
സ്വരരാഗധാരയൊഴുക്കിടുന്നു, നമ്മൾ
മിഴികളിൽ പ്രാണൻ തൊടുത്തുനില്ക്കേ...

ഒരു ശരം മാത്ര,മെടുത്തിടുമ്പോൾ;
അതു പിന്നെപ്പത്തു, തൊടുത്തിടുമ്പോൾ;
അളവില്ലാതാകു,മതേററിടുമ്പോ—ഴതി-
നനുരാഗമെന്നു ഞാൻ പേരിടുന്നേ—നതിൻ—
മധുരമാം വേദന നാമറിഞ്ഞു!

പുളകങ്ങൾ പൂവിട്ടമീ മുഹൂർത്തം
പുതുഭാവസൗരഭം പൂശിട്ടമ്പോൾ,
ഒരുനാൾ മഴക്കാറിനൊപ്പം വിതുമ്പി ഞാ-
നരമനയിങ്കലണഞ്ഞ രംഗം, സ്മൃതി-
ഫലകത്തിലിപ്പൊഴും മിന്നിനില്പൂ!

മുകിലിൻ പരഭാഗഭംഗി നോക്കി,
മഴവില്ലിൻ ചിത്രം വരച്ചൊരുക്കി,
കളിമേളമാടിത്തിമത്തുനില്ക്കും വർഷ-
കമനിയെക്കണ്ടെന്റെ മെയ് തരിച്ചൂ, ഹൃത്തി-
ലൊരു ചെറു തീപ്പൊരി വന്നു വീണു;

എരിയും മനസ്സുമായ് നീ വസിക്കു-
മരമനച്ഛായയിൽ ഞാനണഞ്ഞൂ;
ഉണരുന്ന തീവ്രവികാരങ്ങൾതൻ ജ്വലൽ-
ത്തിരഞെറിപൂണ്ടുള്ള കാവിവസ്ത്രം, ചുട്ട-
പട്ടുകാററിലെന്മെയ്യിലാളിനിന്നൂ...

സ്ഫുരിതാനുഭാവയായ് ഭക്തിപൂർവ്വം
നിറദീപമെന്നപോൽ നീ ലസിക്കെ,
ശലഭമായ്ത്തീന്ന ഞാൻ നിന്റെ ചുററും മോഹ-
തരളിതനായിപ്പിടഞ്ഞു പാറീ, പക്ഷ-
പുടമെരിഞ്ഞങ്ങുതാൻ വീണിഴഞ്ഞൂ.

ഇരുളിലുച്ചണ്ഡമാം കാററടിക്കെ,
ഇടിയും മഴയുമായ് മത്സരിക്കെ,
കഥയെത്ര ചൊല്ലി ഞാൻ! തീവ്രത ശ്രദ്ധിതൻ-
തിരിപോലെ ശ്രദ്ധിച്ചു കേട്ടിരുന്നു, ചുററു-
മിതൾ നീർത്തി മൗനം തിരിഞ്ഞുനിന്നൂ.

കഥകൾ സമസ്തവുമെൻ കരളിൽ
കതിരിട്ടുനിന്നവയായിരുന്നു;
അനുഭവം ചാലിച്ചു ഞാൻ തീർത്ത ചിത്രങ്ങ-
ളഭിവ്യക്തമാക്കുകയായിരുന്നു, അതിൻ
നിറമെൻെറ ജീവൻെറതായിരുന്നു...

അതിശ്രദ്ധമോമലേ, നിന്മനസ്സിൽ
ഇതൾ വിരിഞ്ഞുള്ള സൗഗന്ധികത്തിൻ-
മട്ടുമലർ തേടിയാണിത്രനാളും കണ്ട
പട്ടുവഴിയൊക്കെയും ഞാൻ കടന്നു, നീണ്ട-
ചിറകുകളാർന്നുള്ള കാല്കളോടെ...

പല പല കന്യമാർ നൃത്തലോലം
പലവട്ടമെന്നെച്ചുഴന്നു നിന്നു;
പരിചയഭാവം വളർന്നു പൂവിട്ടതിൻ
പരിമളമേററു ഞാൻ തോററുപോയി,യവർ
പറയുന്നതൊക്കെ ഞാൻ കേട്ടുപോയി...

അഴകുള്ള പൂവുകൾ നോക്കിനിന്നു
അവയിലെന്നംഗുലിപ്പാട്ടു വീണു...
അവയിലൊരെണ്ണവുമൊററതിരിഞ്ഞു മൽ
കരളിലെ തെളിനീലമണ്ഡലത്തിലൊരു
കനകനക്ഷത്രമായ് മിന്നിയില്ലാ.

തളിരിട്ടു നില്ക്കുമെൻ ചില്ലതന്മേൽ
കുളിരിലക്കൂട്ടു മെനഞ്ഞു മേന്മേൽ
കുറുകിക്കുണുങ്ങിയിരിക്കും കിളികളിൽ-
ച്ചിലരെന്നെപ്പുച്ഛിച്ചു കൈവെടിഞ്ഞു, മററു-
ചിലരെ ഞാൻ ക്രൂരം വലിച്ചെറിഞ്ഞു.

ഉതിരുമെൻ വാക്കുകൾ നിന്മനസ്സിൽ
പുതിയൊരു നൃത്തക്കളം വരച്ചു;
അതിലാടിനില്ക്കും വസന്തമെൻ സ്വപ്നങ്ങ-
ളുയിരിട്ടുണർത്തിയതായിരുന്നു, നിത്യ-
നവരാഗരഞ്ജിതമായിരുന്നു...

കുടമുല്ലത്തയ്യുപോൽ നീ വണങ്ങി
കുനിയും ശിരസ്സുമായ് മുന്നിൽനില്ക്കെ,
അനുദിനം പൂജയ്ക്കിരുന്നിട്ടുമെന്നിൽനി-
ന്നൊരു ഗാനധാര വഴിഞ്ഞതില്ലേ? യതി-
ലിരുവർനാമൊന്നായലിഞ്ഞതില്ലേ?

തവമിഴിക്കോണിലെശ്ശ്യാമപുഷ്പം
ചൊരിയുന്ന വജ്രമയൂഖമേല്ക്കെ,
മധുരനാരങ്ങതന്നല്ലിപോലുള്ള നി-
ന്നധരപുടം തൊട്ടുപൊള്ളലേല്ക്കെ, പ്പേർത്തു-
മിളകിമറിഞ്ഞു മന്മനസ്സമുദ്രം...

കുളിർകോരുമെത്രയോ രാക്കൾ, കുനിൽ-
ക്കുരുപോലെ നമ്മെ വ്യഥിതരാക്കി;
മിഴികളിൽത്തന്നെയെന്നെന്നുമുഷഃകതിർ
വിരിയുംവരേക്കും തനിച്ചു നമ്മൾ, ഏതോ
ശരശയ്യയിൽപ്പിന്നെ വീണുരുണ്ടു!

പല വിപച്ഛങ്കകൾ, ഭീതിപൂണ്ടു-
നിനവുകൾ ഹാ! നമ്മെച്ചുററിയിട്ടും
ഇരുവർനാമുള്ളിലുറപ്പിച്ച ബന്ധത്തി-
ലൊരുകണ്ണിപോലും മുറിഞ്ഞതില്ലാ, സ്വപ്ന-
മുകുളങ്ങളെന്നും വിരിഞ്ഞിരുന്നു...

കുതികൊള്ളുമെൻ ഭ്രമചിന്തനങ്ങൾ
ഉരുകിത്തെളിഞ്ഞൊരരുവിയായി,
പുളകങ്ങൾ പൂവിട്ടം വെൺമണൽത്തിട്ടകൾ
തഴുകിക്കളുത്തു പതഞ്ഞൊഴുകി, ക്ഷീര-
ജലധിയിൽ—നിന്നിൽ—ലയിച്ചതില്ലേ?

വരു, വരൂ, ഭദ്രേ!യിത്തേർ തെളിക്കൂ,
വളരൊളിപൂണ്ടൊരിത്തേർ തെളിക്കൂ;
മലകളുമൊപ്പമഗാധഗർത്തങ്ങളും
മലർകളും മുള്ളുമിടഞ്ഞുനില്ക്കും നീണ്ട-
വഴിയിലൂടോമനേ, തേർതെളിക്കൂ...

—2-10-1967

# "ഉത്തിഷ്ഠോത്തിഷ്ഠ ഭാരത!"*

സുദർശനമഹാചക്ര-
മുയർത്തിപ്പുഷ്പദീക്കിതാ
വിശ്വരൂപം സ്വയം പൂണ്ടു
വിളങ്ങുന്നു സമുജ്ജ്വലം!

ജാഡ്യം മായുന്നു, ദിക്കെല്ലാം
തേജോമയ,മനാമയം;
എങ്ങുമുഗ്രമൊരേ ശബ്ദം:
"ഉത്തിഷ്ഠോത്തിഷ്ഠ ഭാരത!"

നാട്ടും പുരിയുമെല്ലാമാ
നാദം കേട്ടുണർവ്വേലവേ,
അതു ചീറും കൊടുങ്കാററായ്
തീയായാളിപ്പരക്കവേ,

ഇരമ്പീടുന്നു ചാവേറാം
കടന്നൽപ്പടയാളികൾ;
കനൽ തുപ്പുന്നു കാർമേഘ-
പ്പോർവിമാനപരമ്പര...

അമ്മ, തൻമകനോടോതി:
"നിന്നമ്മ ഭാരതാംബിക...
മാതൃരക്ഷയ്ക്കു നൽകു നീ
നിനക്കുള്ളഖിലസിദ്ധിയും..."

---

* 1965-ൽ നടന്ന പാകിസ്ഥാൻെറ ഇന്ത്യനാക്രമണത്തിൻെറ പശ്ചാത്തലത്തിലെഴുതിയതു്.

മുഴങ്ങുന്നാപ്തമാമോരോ
ഗംഭീരോദാരവൈഖരി:
"ജനനീ ജന്മഭൂമിശ്ച
സ്വർഗ്ഗാദപി ഗരീയസി..."

മാംസരക്തമയം ദേഹം
നിർഭയം വിസ്മരിച്ചവർ
പൗരുഷൈകസ്വരൂപന്മാ-
രായവർ കർമ്മയോഗികൾ,

ധർമ്മം നല്കിയൊരക്ഷയ്യം
കട്ടിക്കങ്കടമിട്ടവർ
പൂർവ്വപുണ്യവിപാകത്തിൻ
ദൃഢചൈതന്യമാർന്നവർ,

—അവർ പോകുന്നു, മൂവർണ്ണ-
ക്കൊടി കാത്തുപുലർത്തുവാൻ
അഭിമാനവുമാദർശ-
മൂല്യവും നിലനിർത്തുവാൻ;

മുറിവേററ സമാധാന-
ലക്ഷ്മിക്കഭയമേകുവാൻ,
അടരാടിയഹിംസയ്ക്കാ-
യാട്ടക്കളമൊരുക്കുവാൻ!

മഞ്ഞവർണ്ണം കലർന്നുള്ള
നെറികെട്ടൊരു പാമ്പിനെ
വളച്ചുകുത്തി വില്ലാക്കി
വീമ്പിളക്കി വിമൂഢമായ്,

കഴകൻെറ പദം നോക്കി
നേടിയോരസ്ത്രജാലവും
ആവനാഴിയുമേന്തിക്കൊ-
ണ്ടണയും കലിപൂരുഷൻ,

ഭാരതത്തിൻെറ തൂനെററി-
ത്തടത്തിൽ മിന്നിടുന്നതാം
കാശ്മീരതിലകംനോക്കി-
യൊളിയമ്പു തൊടുക്കിലും

ഇന്ത്യതന്നകമേ കത്തും
ആത്മവീര്യമൊടുങ്ങിടാ;
ജനനിശ്ചയദാർഢ്യത്തിൻ
കന്മകാദ്രി ചലിച്ചിടാ...

ഉണരട്ടെങ്ങുമാലസ്യ-
മൂർച്ഛവിട്ടു ജനാവലി...
ഉയരട്ടെന്നുമനന്യനം
സ്വാതന്ത്ര്യത്തിൻെറ ശംഖൊലി!

—5-12-1965

## മധുരദർശനം!

പഴകിയടിഞ്ഞു കാററിൽ
കുലുങ്ങി ഞെരങ്ങി നിന്ന
പരമദീനമെൻ ജീർണ്ണകുലഭവനം

തടംതല്ലിയാത്തിരമ്പും
കാലകല്ലോലിനിയിങ്കൽ
തകർന്നടിഞ്ഞാകെ വീഴാറായൊരു നേരം,

ഒരു നവവിഭാതത്തിൻ
പവിഴരേഖകൾ മിന്നും
സുരുചിര ചക്രവാളപ്പരപ്പിൽനിന്നും

മധുമാസദേവതതൻ
ചിലമ്പൊലി! ജാലവിദ്യാ—
മഹിമയാലെന്നപോലെൻ വീടുയിരാന്നു...

ദ്രവിച്ച ഭിത്തിയും തൂണും
മാറി, സ്ഫുടധവളമാം
നവശുക്ഷ്ണശിലാഖണ്ഡം പട്ടത്തുകെട്ടി,

അവികലശില്പകലാ—
ദീപ്തിയാൽ വെൺകളിപൂശി—
യഴകിൻെറയൊളിവീശിയൊരുങ്ങിനില്പൂ!

മണിമുററത്തഴകിട്ടു
പൂവുകൾ, പൂമകളുടെ
മധുരനൂപുരനാദം കേട്ടുണന്നിപ്പോൾ...

ശുഷ്ക്കമാമെൻമെയ്യുമാകെ–
ക്കുതിന്നല്ലോ; ഞൊടിക്കുള്ളിൽ
പുഷ്ക്കലലാവണ്യമെന്നിൽ നിർവ്വതികണ്ടു...

ജീർണ്ണവന്ധ്യമന്തരംഗം–
തന്നിൽ ഹാരിയാംഹരിത–
പൂർണ്ണപരിസ്ഫൂർത്തി വളർന്നലഞ്ഞുമിന്നി...

ജാഡ്യമാർന്നൊരെൻ മൃദുല–
വികാരമേഖല വീണ്ടു–
മാർദ്രജീവരാഗപൂരതരംഗിതമായ്!

എന്തുമേതും നുണഞ്ഞെങ്ങും
ചോട്ടറയ്ക്കാതലഞ്ഞോരെൻ
ചിന്തകൾക്കീ മധുപക്കമെങ്ങനേ കിട്ടി?...

താരിലോമൽപ്രഭാതമായ്,
തുടിക്കുന്ന കരളിലെ
ഞാറിലിന്ദ്രനീലമേഘത്തണൽപ്പടപ്പായ്,

മമ മുന്നിൽ നവോഢയാ–
യുദിച്ച ദേവതേ, മേട–
മധുനിലാവൊളിക്കൊപ്പം,മണിഞ്ഞൊരുങ്ങി,

ഒരു യുഗ്മജീവിതത്തിൻ
നവവഷോദയരാഗ–
നിറപ്പുരപ്പിലേക്കു നീ മിഴി കുലയ്ക്കു,

അർത്ഥപൂർണ്ണം ജീവിത;മീ
പ്രകൃതിതൻ മുഖമെത്ര
സുന്ദര!മെൻ ചുററുമനുഭൂതികൾ മാത്രം!

നിനവിൻെറ തെളിനീല-
നീൾത്തലത്തിലസ്പഷ്ടമായ്
നിഴലിച്ച കാല്പനികകമനീയാസ്യം

നന്മണം ചൊരിഞ്ഞുകൊണ്ടെൻ
മുന്നിൽ വിരിഞ്ഞുല്ലസിക്കെ,
ജന്മകൃത്യ,മൊട്ടവി,ലെൻ ചേതനയാർന്നൂ...

—5-4-1969

## അനുജത്തി

പൂനികുഞ്ജത്തിൻ കിനാവിൽ സുഗന്ധവും
തേനും തുളുമ്പിച്ച വാസന്തരാവുകൾ
പൂക്കിലപ്പൊന്നിൻ ചിലമ്പൊലി തൂകിയെൻ
നേക്കു കുഴഞ്ഞു ചിരിച്ചണയുമ്പൊഴും
ചിന്തയിലൂന്നും മനസ്സുമായ് ഞാനിവി-
ടന്ധകാരത്തിൽ കുളിച്ചുനില്ക്കുന്നിതാ...
സമ്പത്സമൃദ്ധിയും മേന്മയും നിന്നു പൂ-
ച്ചെണ്ടു കെട്ടുന്നിതെൻ യാനമാർഗ്ഗങ്ങളിൽ;
ദേശാന്തരങ്ങളിൽ പാറുന്നു, സൗരഭം
വീശിപ്പടർന്നെൻ പുകളിൻ പുളപ്പുകൾ!
കാമിച്ചതൊക്കെയുമേകുവാൻ, വാതിലിൽ
കാത്തുനില്ക്കുന്നിതാ! സ്വർഗ്ഗസംസിദ്ധികൾ...
എങ്കിലുമേതോ വിഷാദത്തിലെൻ ചിത്ത-
തന്ത്രികളാണ്ടു വിതുമ്പുന്നു സർവ്വദാ...

പൂഴിക്കു രോമാഞ്ചമങ്കുരിപ്പിക്കുമ-
പ്പൂവിളംകാല്കളാൽ നൃത്തമിട്ടങ്ങനെ,
തേനോലുമോമൽച്ചെച്ചുണ്ടികളാലത്ഭുത
ഗാനശകലങ്ങൾ പെയ്തുപെയ്തങ്ങനെ,
കാണുന്ന വസ്തുവിലൊക്കെയും നൂതന
കാന്തിയും മൂല്യവും കണ്ടുകണ്ടങ്ങനെ,

കൊഞ്ചിക്കുഴഞ്ഞുവന്നെത്തിയിച്ചേട്ടൻെറ
നെഞ്ചിനോടൊട്ടിയിരുന്നു പതുക്കനെ,
"കൂട്ടിലിരിക്കുമിക്കുഞ്ഞിക്കിളികളെ
പാട്ടുപഠിപ്പിച്ചിട്ടുന്നതാരിങ്ങനെ?
വിള്ളിവിടരുമിപ്പൂക്കളെത്തെന്നല്ല
നുള്ളിക്കളയുന്നതെന്തിനാണിങ്ങനെ?
ആ നദിക്കക്കരെയാരാണു, നാമോതു—
മോരോന്നുമേററുപറയുവതിങ്ങനെ?
അന്തിക്കു വിണ്ണിലക്കാണും കടലാസ്സു—
വഞ്ചിയിങ്ങെത്തിപ്പിടിക്കുവതെങ്ങനെ?"
ഇത്ഥമൊരായിരം കൂട്ടം വിചിത്രമാം
ചോദ്യങ്ങളൊന്നിച്ചരുളിയുമങ്ങനെ,
കേട്ടു ഞാനുത്തരം ചൊല്ലാതെ, കൊഞ്ഞനം—
കാട്ടിപ്പരിഹസിച്ചീടിൽ പൊട്ടുന്നനെ,
"കൂട്ടുകൂടില്ലിനിച്ചേട്ടനോ"ടെന്നുര—
ച്ചേററം പിണങ്ങിക്കരഞ്ഞുകൊണ്ടങ്ങനെ,
എന്നെന്നുമെൻജീവനാളത്തിൽ, വററാതെ
നിന്നിട്ടും സ്നേഹം പകൻകൊണ്ടങ്ങനെ,
പച്ചിലത്തുമ്പിപോലാടിക്കളിച്ചോരെൻ
കൊച്ചനുജത്തിയെക്കാണുവതെന്നിനി?

അസ്തപ്രഭാവമെൻ കൗമാര,മാളിട്ടു—
മത്തലിൽപ്പെട്ടു മുരടിച്ചുനില്ക്കവേ,
തെന്നിത്തെറിച്ചവളോടിയെത്തും മമ
മുന്നിലൊരുത്തേജകോഷ്മളരശ്മിപോൽ...

നോവുകൾ മുത്തണിചാത്തിയോരെൻ മിഴി—
പ്പൂവിലലിഞ്ഞവളമ്മവച്ചീടവേ,
ഏതല്ലല്ലും ഞാൻ മറന്നുപോ,മെന്മന—
മേറുമ പൂവ്വാനുഭൂതിതലങ്ങളിൽ!
തീയലതുപ്പുമക്കാലങ്ങളിൽനിന്നു—
മീയെന്നെയിന്നത്തെ ഞാനാക്കി മാററുവാൻ
ഉന്നതസ്ഥാനബിരുദങ്ങൾ ചൂഴന്ന
പൊന്നാലവാലത്തിലെന്നെപ്പുലത്തുവാൻ,
തീരാത്ത പഞ്ഞവും പാട്ടും തകത്തൊരാ—
ക്കൂരതൻ സ്വപ്നം കുടിച്ചെത്ര കണ്ണുനീർ!
എന്നനുജത്തിതൻ ദാഹമുണക്കിയോ—
രക്കണ്ണുനാളത്തിലിററു നീർ വീഴ്ത്തുവാൻ
ഒട്ടുമെനിക്കു കഴിഞ്ഞതി;ല്ലങ്ങനെ
മട്ടോലുമാമൃദുഗാനം നിലച്ചുപോയ് ...

ഉത്സവക്കാലവുമാഡംബരാഭയും
മത്സരിച്ചാക്കുമൊരിക്കലെന്നോമലാൾ,
ഒപ്പത്തില്ലുള്ളൊരു പൈതലിൻ കൈയിലെ—
ക്കുപ്പിവളയില്ലുമെൻ മുഖത്തിങ്കലും
പാറുന്ന ളുമിഴിക്കോണുകൾ ഹാ! മാററി—
മാറിപ്പതിപ്പിച്ച രംഗമോക്കുന്നു ഞാൻ!
കത്തിനിന്നീട്ടും ഗതികേടിലെൻ കരൾ
മൊട്ടിട്ട വാത്സല്യമന്നു കരിഞ്ഞുപോയ് ...
പട്ടുടുപ്പും തനിക്കാഞ്ചനക്കാപ്പുമ—
പ്പട്ടിളംകൈയിലിന്നുത്സുകമേകുവാൻ

എത്രമാത്രം കൊതിക്കൊള്ളുന്നു, വേദനി-
ച്ചെന്നിലുണരുന്നൊരേട്ടന്റെ കൈയുകൾ!

ഏതൊരാരോമലിന്നോർമ്മയാലിന്നുമ-
ച്ചേതന നോവിന്റെ വീണമീട്ടുന്നുവോ

നിർമ്മലയാമവളിന്നു മയങ്ങുന്ന
വിൺമലർക്കാവിൻ കുളിരണിച്ഛായയിൽ

ആവൂ! തിരയടിച്ചെത്താതിരുന്നെങ്കി-
ലീ വിഷാദത്തിന്റെ സംഗീതധാരകൾ!

—3–10–1953

## പുതുമേഘം

മാനംമുട്ടിയുയരുമ്മും മലയുടെ
മാടിയൊതുക്കിയ മുടിമേലേ,

വാർമഴവില്ലിൻ മന്ദാരപ്പൂ–
മാലയെറിഞ്ഞൊരു മഴമുകിലേ,

പോവാതങ്ങനെ നില്ക്കുക, മണ്ണിൻ
ഭാവന കുത്തിയ കൊടിപോലെ...

വേദനമുററിയ മണ്ണിൻ കരളിൽ
വേനൽക്കാലമെരിഞ്ഞപ്പോൾ,

തുവരിമുല്ലക്കുടിലിൽത്തുള്ളും
തീയല നിന്നു പുളച്ചപ്പോൾ,

മൂവന്തിക്കു കുളിക്കും പകലിൻ
തുവേർപ്പുററിയ കടലലയിൽ

കുളിരാന്നുയിരിട്ടുണന്നു നീയൊരു
കിനാവു വീശിയ നിഴൽപോലെ...

വെള്ളിപ്പറവകളണിയണിയായിള–
കൊള്ളും വിണ്ണിൻ മേഖലയിൽ

പറന്നലഞ്ഞു കാററിൽ നീയൊരു
നിറന്ന നീലത്തുവലുപോൽ...

വിണ്ണിലെ നീലത്തറയിലൊരായിര–
മെണ്ണവിളക്കു തെളിഞ്ഞപ്പോൾ,

എണ്ണവിളക്കിന്നൊളിയിൽ, കളഭ-
ക്കിണ്ണം പൊട്ടിയൊലിച്ചപ്പോൾ,

മാനത്തങ്ങനെ, പാൽവഴിതന്നിൽ
മദകരിപോൽ നീ കളിയാടി...

കളിയാട്ടം നിൻ ഭംഗിയിരാവിൽ
കിനാവു കണ്ടൂ മയിലിണകൾ...

നിന്നെക്കാത്തേ നിന്നൂ, വേവും
മന്നിലെ മല്ലിപ്പൂവാടം...

നിന്നെക്കാത്തേ നിന്നൂ, വരളും
കന്നിച്ചോലകളെമ്പാടും

വേവും മണ്ണിൻഹൃദയം കുളിരല
ത്തുവിയുണർത്താൻ നീ വന്നൂ...

കരിഞ്ഞ ജീവിതവാടിയിലമൃതം
ചൊരിഞ്ഞു പുല്ലാൻ നീ വന്നൂ...

സ്വർഗ്ഗസമാനകമാനവിരാജിത-
പുഷ്പനികുഞ്ജനികുംഭിലയിൽ

കതിരിട്ടമലർമാസത്തിനൊരാട്ട-
ക്കളം വരയ്ക്കാൻ നീ വന്നൂ...

മുമ്പു പിതാമഹരേകിയ വീണ-
ക്കമ്പികളൊന്നു മുറുക്കേണം;

പുതിയൊരു നീതിപ്രവണതതൻ സ്വര-
മതിലനുവേലമൊഴക്കേണം;

അസ്വരധാര പുണർന്നീ മണ്ണിൻ
വിസ്മൃമരഭംഗി തളിർക്കേണം;

അത്തളിരണിയിൽ പൂവിട്ടങ്ങനെ
പുത്തൻതലമുറ നില്ക്കേണം;
ആയതു വാടാതുയരാൻ നീർമണി
നീയിനി നിത്യമുതിർക്കേണം...
പോകാതങ്ങനെ നില്ക്കുക, മണ്ണിൻ–
പാപം കഴുകും മഴമുകിലേ...

വെയിലിൽ പൂത്ത കിനാവുകൾ, നിൻ നിറ–
മിയലും കർഷകദേവതകൾ,
പുതുമണമാർന്ന നിലങ്ങളിൽ നിന്നേ
കുതുകംപൂവിട്ടമുള്ളോടേ,
ഇഴിയും കുന്തലൊതുക്കി, നിരഞ്ജന–
മിഴിയിണ നിൻ നേർക്കേറിയുന്നു...
കായാംപൂവൊളി മലമേലേ, കുളിർ
സായംകാലക്കതിരാലേ,
നനുത്ത മഴവിൽപ്പൂമണിമാലകൾ
കൊരുത്തു വന്നൊരു നീർമുകിലേ,
പോവാതങ്ങനെ നില്ക്കുക, മണ്ണിൻ–
ഭാവന കുത്തിയ കൊടിപോലെ...
പുതിയൊരു വ്യതിയാനത്തിൻ മിന്നൽ–
പ്പിണരുമണിഞ്ഞിനി മേന്മേലേ!

—10–7–1959

# അപരിചിതൻ

നാം തമ്മിലെന്താണൊരു
ബന്ധ?മെൻ മനസ്സാക്ഷി
ഞാൻ തനിച്ചിരിക്കുമ്പോൾ
മൂകമായ് ചോദിച്ചീടും.

ശരിയായ് സന്ധിച്ചിട്ടു–
മില്ല നാം; വല്ലപ്പോഴു–
മരികിൽ മഴവില്ലു
മാതിരി നീ വന്നാലും

ആവുകില്ലെനിക്കൊരു
വട്ടവും ചെന്തീയൊളി–
താവുമാ മുഖത്തൊന്നു
കണ്ണുറപ്പിക്കാൻപോലും!

ഏതിനുംപോരും ഭാവ–
മാണെന്നോരെൻ വികാരങ്ങൾ–
കൂടിയും തവ മുന്നി–
ലച്ച്നാസൂനങ്ങൾതാൻ...

മിണ്ടുവാനദമ്യമാ–
മാശയുണ്ടെന്നാൽ ഞാനെൻ
ചുണ്ടുകൾ, ശങ്കാപൂർവ്വം
മൗനമുദ്രിതമാക്കി

നിന്നിടാറുണ്ടാ രാജ-
വീഥിയിൽ, സഖികളോ-
ടൊന്നിച്ചു നീയെൻ നിഴൽ
ചവുട്ടിപ്പോകുന്നേരം...

കുലുങ്ങിച്ചിരിച്ചോട്ടും
നിഷ്കള ധ്യാനംപൂണ്ടു
മരുവുമുപസ്ഥമാം
കുന്നിനെയെമ്മട്ടോക്കും?

എന്നിരിക്കിലും പൊട്ടി-
വിരിയും നിശ്ശബ്ദമാ-
കുന്നിലും രോമാഞ്ചത്തിൻ
മൊട്ടുകൾ പലപ്പോഴും!

ആരാനുമല്ലും നിന്നെ-
പ്പററിയോതുമ്പോഴെനി-
ക്കായിരം കണ്ണുങ്ങൾതൻ
ശക്തിയാരരുളുന്നു?

നിൻ നിഴലെങ്ങാൻ മുന്നി-
ലെത്തുകിൽ ദ്രുതമെന്തെൻ
കണ്ണുകളാകാശത്തെ-
ക്കാട്ടിലും വികസിക്കാൻ?

താവകമൃദുസ്വനം
കേൾക്കിലോ താളാത്മക-
ഭാവമാർന്നുമാത്ര-
മാട്ടുവതെന്തെൻ മനം?

കാമദം തവ രൂപം
　　സ്മരിക്കിൽ പൊട്ടുന്നനെ–
ക്കാളിദാസനായ് മാറി–
　　പ്പോകുവതെമ്മട്ടീ ഞാൻ?

എങ്കിലുമിന്നും നമ്മ–
　　ളന്യരാ,ണൊരിക്കലു–
മെൻ കഥയറിഞ്ഞിരി–
　　ക്കില്ല നീയല്പംപോലും...

അറിയാതിരിക്കട്ടെ;–
　　യറിവിൻ നഖംകൊണ്ടെൻ
ഹൃദയം വിലൂനമായ്–
　　ച്ചമയാതിരിക്കട്ടെ...

—21–1–1965

# രോഗി

രോഗബീജം കലൻറുള്ള
ക്ലിഷ്ടനിശ്വാസമെന്നപോൽ,
വന്നു മുട്ടിയ കാററാലെൻ
കിളിവാതില്വ തേങ്ങവേ,

മുള്ളുപായ്‌വിട്ടെഴുന്നേററു
കാണ്മു ഞാൻ, ജ്വരജർജ്ജരൻ
പുലർമാമലമേൽ മഞ്ഞി–
ന്നല മൂട്ടമുഷസ്സിനെ,

ഉള്ളിൽ പടർന്നതാമേതോ
സ്മൃതിതൻ ധൂമവല്ലിയിൽ
പൊടിക്കും നൊമ്പരത്തിൻെറ
തീമലർമൊട്ടുപോലവേ...

ജനപ്രവാഹനിർഘോഷം
വഴിയിൽ; ഹൃദയത്തിലോ?
ചിറകററു പിടയ്ക്കുന്ന
മോഹത്തിൻ മൂകരോദനം...

തെരുവിൽ കണ്ണുനട്ടുംകൊ–
ണ്ടിരിക്കെ,ച്ചുടുനീരല,
കവിളിൽ ചാലുകീറുന്നു;
നനയുന്നിതു മാറ്റിടം...

ഓട പൊട്ടിയൊലിച്ചുള്ളോ—
രഴുക്കുജലധാരകൾ
വ്രണം ചുംബിച്ചു കൂത്താട്ട-
മീച്ചകൾക്കു വിരുന്നുകൾ!

അതിൽ പൂക്കുന്നിരുട്ടായാ—
ലന്ധമാം സൗഗ്കാമന;
അതിൽ വീണൊഴുകുന്നെത്ര
ദുഷ്യന്തസ്മൃതിമോതിരം!

തമ്മിൽ പൊരുതി മായുന്നു
നാനാവർണ്ണമരീചികൾ;
ബലൂൺ പറത്തി നില്ക്കുന്നു
വിളവിൻപുറവേലികൾ...

വിറപൂണ്ടു ഞരങ്ങുന്ന
കുടിലിൻ കൊച്ചുതിണ്ണയിൽ,
കഫംതീനിയെറുമ്പിൻെറ
പട്ടാളപരിശീലനം.

പുകയിൽ മൂടിനില്പാണീ
നാട്ടും പുരിയുമൊന്നുപോൽ
(പുകയും ചിന്തയിൽക്കൂടി
കുതിപ്പൂ രോഗിയാമിവൻ.)

നീറിനില്പൂ, പുകഞ്ഞുംകൊ—
ണ്ടുട്ടക്കലൊരു തീമല;
അതിൻെറ താഴ്‌വരത്തോപ്പു
വഴിയായ് തുമുലാരവം,

മിന്നൽവേഗത്തിലെങ്ങോട്ടാ-
ണീ ജനങ്ങൾ, ഉവിശ്രമം
പാഞ്ഞുപോകുന്ന തീവണ്ടി-
ച്ചക്രാവലികളെന്നപോൽ.

അവക്കു നേരമില്ലൊട്ടു-
മവരെക്കൂടിയോക്കുവാൻ
അവരേതോ വിരൽത്തുമ്പാൽ
നീതരാം യന്ത്രസന്നിഭർ.

ഏതു കൈവിരലാണഗ്നി-
നാളംപോലെഴുമാ വിരൽ?
എങ്ങുമെപ്പോഴുമുച്ചണ്ഡം
പൊന്തിനിന്നിട്ടുമാ വിരൽ?

അതിൻെറ ശക്തിയാലല്ലോ
ചന്ദ്രതാരാപഥങ്ങളിൽ
ചിറകില്ലാത്ത ജീവിക്കും
കഴിയുന്നു പറന്നിടാൻ!

അതിൻെറ ചൂടിനാൽത്തന്നെ
വാട്ടുന്നൂ മലർമൊട്ടുകൾ;
മാനസപ്പൊയ്കയിൽത്താനേ
കൂമ്പിട്ടും കുളിർമൊട്ടുകൾ!

നദിയിൽ വീണൊലിച്ചീട്ടും
മഴത്തുള്ളികണക്കിനെ,
പലരും വന്നുചേരുന്നു-
ണ്ടീ മഹാവ്യർത്ഥയാത്രയിൽ!

ആക്രമില്ലൊരു വ്യക്തിത്വം,
സ്വാതന്ത്ര്യഗതിബോധവും
നീക്കമിളകണക്കല്ലോ
നരൻെറ നവജീവിതം...

മരുന്നെത്ര കഴിച്ചു ഞാൻ!
മാറുന്നീലെന്റെ വേദന;
കണ്ണീരെത്ര തളിച്ചു ഞാൻ!
പൂക്കുന്നീലെൻെറ ചേതന...

ഒന്നുകിൽ പുകയുന്നോരി-
ക്കാലാവസ്ഥയൊടുങ്ങണം;
അല്ലെങ്കിലൊഴിയേണം ഞാ-
നിങ്ങുനിന്നും, സ്വമേധയാ...

—8-12-1965

★

# ദുഃഖം, സ്വപ്നം, മിഥ്യ

## ചെറുകുന്നം പുരുഷോത്തമൻ

ഉത്തിഷ്ഠമാനനായ ഒരു യുവകവി എഴുതിയ ചേതോഹരങ്ങളായ പതിനാറു കവിതകളുടെ സമാഹാരമാണ് ദുഃഖം, സ്വപ്നം, മിഥ്യ. ഉള്ളിന്റെ ഉള്ളിനെ സ്പർശിക്കുവാനും അവിടം അനുഭൂതിനിർഭരമാക്കുവാനും സമർത്ഥമാണ് ഇതിലെ ഓരോ കവിതയും. അനുവാചകഹൃദയത്തിൽ പ്രേമാനുഭൂതികളുണർത്തുന്ന 'ആദ്യരാത്രിയിൽ' എന്ന കവിതയ്ക്ക് ഒരു നാടകീയസ്വഗതാഖ്യാനത്തിന്റെ ഭാവസൗരഭ്യമുണ്ട്. 'ദുഃഖമൂർത്തി' 'രോഗി', 'നഗരത്തിലൊരു പ്രഭാതം' എന്നീ കവിതകൾ ആധുനികജീവിതചലനങ്ങൾ കവിഹൃദയത്തിൽ ചെന്നലച്ചശേഷം ഉണ്ടായ പ്രതികരണങ്ങളാണ്. കാളിദാസഭാവനയിൽനിന്നു പ്രചോദനമുൾക്കൊണ്ട 'പുത്തുമേഘം', അഭിവ്യക്തമാകാത്ത അനുരാഗത്തിന്റെ മധുരിമയൂറുന്ന 'അപരിചിതൻ' എന്നിവയാണ് മറ്റു കവിതകൾ.... മസൃണമായ ഭാവനയും ഇ[illegible]ാർന്ന പദപ്രയോഗങ്ങളും ലാളിത്യമാർന്ന ശൈലിയും ഈ സമാഹാരത്തിലെ കവിതകളെ ഹൃദ്യമാക്കുന്നു.

വില 2·00

---

നാഷനൽ ബുക്ക്സ്റ്റാൾ

# ദുഃഖം
# സ്വപ്നം
# മിഥ്യ



ചെറുകുന്നം പുരുഷോത്തമൻ

1771

Indic Digital Archive Foundation

gpura.org